# താമരമൊട്ടുകൾ

വാല്യം 26 | ജനുവരി 2024 | ലക്കം 01 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

താമരമൊട്ടുകൾ ജനുവരി 2024
വാല്യം 26 ലക്കം 01

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ഇവൻ എന്റെ പ്രിയപുത്രനാകുന്നു;
ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു."
(മത്തായി 3,17)

**താമരമൊട്ടിന്റെ വായനക്കാർക്കെല്ലാം
പുതുവത്സരാശംസകൾ**

നന്ദിയോടെ....



ചാൻസലർ സ്ഥാനത്തുനിന്നും മാറി
ചിക്കാഗോ സീറോ മലബാർ രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി
യാത്രയായ ബഹു. ചെറിയാൻ പൊങ്ങൻപാറ അച്ചന്
താമരശ്ശേരി രൂപതയുടെ നന്ദിയും പ്രാർത്ഥനയും

സ്വാഗതം.... ആശംസകൾ....



താമരശ്ശേരി രൂപതയുടെ പുതിയ ചാൻസലർ
ബഹു. സെബാസ്റ്റ്യൻ കാവളക്കാട്ട് അച്ചന്
താമരശ്ശേരി രൂപതയുടെ സ്വാഗതവും ആശംസകളും

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 03 |
| 2. | പ്രോഗ്രാം ജനുവരി 2024 | 05 |
| 3. | സർക്കുലർ | 06 |
| 4. | സർക്കുലർ | 11 |
| 5. | സർക്കുലർ | 15 |
| 6. | കച്ചേരിക്കാര്യം | 20 |
| 7. | ജനഹൃദയങ്ങളിൽ കുടിയേറിയ മോൺ. ആന്റണി കൊഴുവനാൽ | 24 |
| 8. | ആദരാഞ്ജ്ജലികൾ | 28 |
| 9. | വിശ്വാസപരിശീലനം | 31 |
| 10. | ബൈബിൾ അപ്പോസ്തൊലേറ്റ് | 34 |
| 11. | ഫാമിലി അപ്പോസ്തൊലേറ്റ് | 35 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 35 |
| 13. | തിരുബാലസഖ്യം | 37 |
| 14. | ലിറ്റർജി കമ്മീഷൻ | 38 |
| 15. | സെമിനാരി വാർത്തകൾ | 40 |
| 16. | വിദ്യാഭ്യാസരംഗം | 41 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 44 |
| 18. | എയ്ഡർ എഡ്യുകെയർ | 45 |
| 19. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 46 |
| 20. | ഇൻഫാം | 48 |
| 21. | യൂദിത്ത് ഫോറം | 50 |
| 22. | കെസിവൈഎം -എസ്എംവൈഎം | 51 |
| 23. | കത്തോലിക്കാ കോൺഗ്രസ് | 56 |
| 24. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 60 |
| 25. | കരിസ്മാറ്റിക് മൂവ്മെന്റ് | 61 |
| 26. | ബഥാനിയ ധ്യാനകേന്ദ്രം | 62 |
| 27. | വികസനവേദി | 65 |
| 28. | യേശുനിധി | 68 |
| 29. | അജപാലനക്കുറിപ്പുകൾ | 69 |

# *Birth Day Greetings*

Rev. Fathers



| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Pullolickal Mathew | ,, | 12 |
| Keelath Joseph | ,, | 13 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukala Kuriakose | ,, | 20 |
| Moolayil John | ,, | 22 |
| Pootharmannil Peter | ,, | 30 |

**Mar Remigiose Inchananiyil**

# *Feast Day Greetings*

Rev. Fathers



| | | |
|---|---|---|
| Kochukaipayil Kuriakose | January | 3 |
| Mukala Kuriakose | ,, | 3 |
| Palakeel Kuriakose | ,, | 3 |
| Puthenveettil Kuriakose | ,, | 3 |
| Cheeramattathil Sebastian | ,, | 20 |
| Embrayil (Sr.) Sebastian | ,, | 20 |
| Embrayil (Jr.) Sebastian | ,, | 20 |
| Chembukandathil Sebastian | ,, | 20 |
| Karackattu Sebastian | ,, | 20 |
| Karackal Sebastian | ,, | 20 |
| Kavalakatt Sebastian | ,, | 20 |
| Mattappallil Sebastian | ,, | 20 |
| Muringayil Sebastian | ,, | 20 |
| Panamattamparambil Sebastian | ,, | 20 |
| Parathottathil Sebastian | ,, | 20 |
| Pattasseril Sebastian | ,, | 20 |
| Pookulam Sebastian | ,, | 20 |
| Pulickal Sebastian | ,, | 20 |
| Purayidathil Sebastian | ,, | 20 |
| Puthiyaparambil Sebastian | ,, | 20 |
| Vadakkel Sebastian | ,, | 20 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജനുവരി 2024

| | | |
|---|---|---|
| 01 | തിങ്കൾ | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ |
| 03 | ബുധൻ | വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 06 | ശനി | ദനഹാത്തിരുനാൾ |
| 13 | ശനി | വി. യോഹന്നാൻ മാംദാന |
| 14 | ഞായർ | വി. ദേവസഹായം |
| 20 | ശനി | വി. പത്രോസ് – വി. പൗലോസ് ശ്ലീഹന്മാർ,<br>വി. സെബസ്ത്യാനോസിന്റെ തിരുനാൾ |
| 21 | ഞായർ | **ചരമദിനം: ഫാ. ജോസഫ് മൈലാടൂർ (2016)** |
| 22 | തിങ്കൾ | മൂന്ന് നോമ്പ് ആരംഭം |
| 24 | ബുധൻ | വി. ഫ്രാൻസിസ് ദി സാലസ് |
| 26 | വെള്ളി | വിശുദ്ധ സുവിശേഷകന്മാർ,<br>വി. തിമോത്തേയോസും വി. തീത്തോസും,<br>ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 27 | ശനി | വി. തോമസ് അകിനാസ് |
| 31 | ബുധൻ | വി. ജോൺ ബോസ്കോ |

# 2024 ജനുവരി 14 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഞാൻ പരാജയപ്പെട്ട കർഷകനാണ്, നെല്ലെടുത്തിട്ട് സർക്കാർ എനിക്ക് കാശ് തന്നില്ല എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ്, ആത്മഹത്യ ചെയ്ത കർഷകന്റെ വിലാപം ആബേലിന്റെ നിലവിളി പോലെ, കേരളത്തിന്റെ ആകാശത്തെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്, കേരള മെത്രാൻ സമിതിയുടെ (KCBC) ഇൻഫാം കമ്മീഷൻ, കർഷകർക്കു വേണ്ടി ഈ സർക്കുലർ എഴുതുന്നത്. ഗതികെട്ട് ദാരിദ്രത്തിന്റെ പിച്ചച്ചട്ടിയേന്തി, അടിമാലി ടൗണിൽ രണ്ടു വയോധിക സ്ത്രീകൾ പ്രതിഷേധിച്ചതും നമുക്ക് മറക്കാറായിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി ഉത്തരവാദിത്തപ്പെട്ട സർക്കാരിനു മുമ്പിൽ, കർഷകരും കർഷക ബന്ധുക്കളും നിലനിൽപ്പിനായി പ്രതിഷേധിക്കുമ്പോൾ, 'ഇവിടെ കൃഷി ചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കാനില്ല' എന്ന തരത്തിലുള്ള നിരുത്തരവാദപരമായ പ്രസ്താവനകൾ, ബഹുമാന്യരായ ഭരണകർത്താക്കളിൽ നിന്നുണ്ടായതും നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്ത കാലം കൂടിയാണിത്. എല്ലാത്തരത്തിലും അവഗണിക്കപ്പെട്ട കർഷകർ അതീവ ഗുരുതരമായ സ്വത്വപ്രതിസന്ധി അനുഭവിക്കുകയാണ്.

ഉല്പാദനം മുതൽ വിപണനം വരെയുള്ള സകല മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയും; അത് നെല്ലോ, ഏലമോ, റബ്ബറോ, കപ്പയോ ഏതുമാകട്ടെ കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ, വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. തങ്ങൾ വിൽക്കുന്ന ഏലക്കായ്ക്ക് പണം കിട്ടണമെങ്കിൽ കമ്പനികൾക്ക് പലിശ നൽകേണ്ട വിചിത്ര സ്ഥിതി

യിലാണ് ഏലം കർഷകർ. ഒരു ലക്ഷം രൂപയുടെ ഏലം സ്പൈസസ് ബോർഡിന്റെ അംഗീകാരമുള്ള ഓക്ഷൻ സെന്ററുകളിലൂടെ ഒരു കർഷകൻ വിറ്റാൽ അപ്പോൾത്തന്നെ പണം ലഭിക്കണമെങ്കിൽ 7.5% മുതൽ 12% വരെ പലിശ നൽകണം. സ്വന്തം ഉല്പന്നം വിറ്റിട്ട് അതിന്റെ പണം കിട്ടാൻ പലിശ നൽകണമെന്ന വ്യവസ്ഥയേക്കാൾ ഹീനമായ ചൂഷണം മറ്റെന്തുണ്ട്?

ഇതിനേക്കാൾ ദാരുണമാണ് നെൽ കർഷകന്റെ സ്ഥിതി. വിറ്റ നെല്ലിന്റെ വില ബാങ്ക് വായ്പയായി വാങ്ങേണ്ടിവരുന്ന ദുർഗതിയിലാണ് നെൽ കർഷകർ. ചോര നീരാക്കി പാടത്തു പണിചെയ്യുന്ന കർഷകന്റെ നെല്ല് വാങ്ങിയശേഷം, രൊക്കം പണം നൽകുന്നതിനു പകരം സർക്കാർ തിരിച്ചടച്ചോളാം എന്ന വ്യവസ്ഥയിൽ വായ്പ തരപ്പെടുത്തിക്കൊടുത്തിട്ട്, കർഷകനെ കുടുക്കിലാക്കുന്ന ചതിയാണ് നെൽക്കർഷകരോട് ചെയ്യുന്നത്. സർക്കാർ വായ്പ തിരിച്ചടയ്ക്കുന്നില്ല. അതിന്റെ ഭാരം കർഷകന്റെ മേൽ വരുന്നു. വായ്പ കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്കുകൾ കർഷകന് പുതിയ വായ്പ നിഷേധിക്കുന്നു. ഓർക്കണം തകഴിയിൽ കർഷകൻ ആത്മഹത്യ ചെയ്തത് ഈ ഊരാക്കുടുക്കിൽ പെട്ടാണ്. കർഷകർക്കു മുൻഗണന നൽകാതെ മാറിമാറി ഭരണം നടത്തിയ എല്ലാ സർക്കാർ സംവിധാനങ്ങളും കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിക്കളഞ്ഞു. 1980 കളിൽ 44 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ച കേവലം 40 വർഷം കഴിയുമ്പോൾ വെറും 12% എന്ന ദയനീയ സ്ഥിതിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്.

മലബാറിലും മധ്യകേരളത്തിലും മലയോര മേഖലകളിലും റബ്ബറിനെ മുഖ്യ ഉപജീവനമാർഗ്ഗമായി കരുതിയിരുന്നവരും കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ പോലും പറ്റാത്തവിധം സാമ്പത്തികമായി ശോചനീയ അവസ്ഥയിലായിക്കഴിഞ്ഞിരിക്കുന്നു. റബ്ബറിന് 250 രൂപ നൽകുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കർഷകരുടെ പക്ഷം നിൽക്കുന്നുവെന്ന് പറയുന്ന രാഷ്ട്രീയ പാർട്ടികൾപോലും ആർജ്ജവത്തോടെ ശബ്ദിക്കാനാകുന്നില്ല. അവരെല്ലാം കർഷകന്റെ ശബ്ദം ഉച്ചത്തിൽ വിളിച്ചു പറയുന്നവരുടെ വായടപ്പിക്കാൻ പാടുപെടുകയാണ്. മാധ്യമങ്ങൾപോ

ലും കർഷകനെ കയ്യൊഴിയുന്ന സങ്കടകരമായ അവസ്ഥയാണ്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വർഷങ്ങളായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഉത്തരവാദിത്തപ്പെട്ട വർക്ക് കർഷകർ പരാതി നൽകുമ്പോൾ 'വെറുതെ നടന്ന് കാലു തേയാമെന്നേയുള്ളു' എന്ന മനസ്സു മടുപ്പിക്കുന്ന മറുപടിയാണ് തിരികെ ലഭിക്കുന്നത്. ഇതിനെല്ലാം പുറമേയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായവും അനീതിപരവുമായ നീക്ക ങ്ങൾ. അവർ കൃഷിഭൂമി കയ്യേറുന്നു. വന്യമൃഗങ്ങൾ കാടിറങ്ങുന്നു. ആനയും കടുവയും കാട്ടുപന്നിയുമൊക്കെ കർഷകന്റെ ഭൂമിയി ലിറങ്ങി പൂണ്ടുവിളയാട്ടം നടത്തുകയും ജീവനെടുക്കുകയുമാണ്. എരുമേലിയിലും അഞ്ചലിലും കാട്ടുപോത്തിന്റെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട തോമായും ചാക്കോയും സാമുവലും കാട്ടാനകളുടെ ശല്യംമൂലം വീടു പോലും ഉപേക്ഷിച്ചു പോകേണ്ടിവന്ന് ഒടു വിൽ പെൻഷൻ പോലും മുടങ്ങി ജീവനൊടുക്കിയ ഇരുട്ടിയിലെ സുബ്രഹ്മണ്യനുമൊക്കെ മനുഷ്യനേക്കാൾ മൃഗത്തിനു പ്രാധാന്യം കൊടുക്കുന്ന കർഷകവിരുദ്ധമായ നയങ്ങളുടെ ഇരകളാണെന്ന് നമുക്ക് മറക്കാതിരിക്കാം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹ വാഴ്ത്തലുകളെയും നാം സംഘടിതമായി പ്രതിരോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ കട ന്നു കയറി ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം ആ പ്രദേ ശത്തെ കർഷക കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി. ബി.സി. ഇൻഫാം സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

സാമാന്യ ബോധത്തിനും യുക്തിക്കും നിരക്കാത്ത നിയമങ്ങൾ ആർക്കുവേണ്ടിയാണ് നിർമ്മിക്കുന്നത്? കയ്യേറ്റക്കാരെന്ന് ചിത്രീക രിച്ച് കാട്ടുമൃഗങ്ങളുടെ മുമ്പിൽ സ്വജീവൻ രക്ഷിക്കാനുള്ള അവകാശ ങ്ങൾ പോലും നിഷേധിച്ച്, വിൽക്കാൻ പോലും കഴിയാത്തവിധം കർഷകന്റെ വസ്തുക്കളെ നിയമത്തിൽ കുടുക്കുന്ന നടപടി ഏതു നിയമസഭയിൽ നിന്നുണ്ടായാലും അത് അവരെ വംശഹത്യ ചെ യ്യുന്നതിനു കൂട്ടുനിൽക്കുന്നതിനു തുല്യമാണ്. പരിഷ്കൃത രാജ്യ ങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാ

ണെങ്കിൽപ്പോലും അതിന്റെ മാംസം ചന്തയിൽ വാങ്ങാൻ കിട്ടും എന്നോർക്കണം. എന്തൊരു യുക്തിഭദ്രതയില്ലാത്ത നിയമമാണ് നമ്മുടേത്? മനുഷ്യൻ മരിച്ചാലും മൃഗത്തിന്റെ മഹിമ ആഘോഷിക്കപ്പെടണം. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമം പാസ്സാക്കാൻ ജനങ്ങളുടെ പ്രതിനിധികളായവർ തയ്യാറാകുന്നില്ലെങ്കിൽ ഈ സംസ്കാരത്തെ പ്രാകൃതമായ ഏതോ ഭൂതകാലത്തേക്ക് തിരികെ നയിക്കുന്നതിനു തുല്യമാകും.

ഭരിക്കുന്ന സർക്കാരുകൾക്കേ കർഷകരെ രക്ഷിക്കാനാകൂ. ഇനിയും കർഷകന്റെ കണ്ണീർ നമ്മുടെ മണ്ണിൽ വീഴാൻ ഇടവരുത്തരുത്. അവരുടെ മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ നൽകണം. പ്രകൃതിക്ഷോഭം മൂലം നശിച്ച കൃഷികൾക്ക് ആശ്വാസപ്രദമായ നഷ്ടപരിഹാരമെങ്കിലും നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് വന്യമൃഗങ്ങൾ കടന്നു കയറാത്തവിധം പരിഷ്കൃത രാജ്യങ്ങളിലേതുപോലെ വനത്തിനു ചുറ്റും ഫലപ്രദമായ കിടങ്ങുകളോ വേലിക്കെട്ടുകളോ നിർമ്മിക്കണം. റബ്ബറിന് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത വിലനൽകാൻ ആർജ്ജവം കാണിക്കണം. നെല്ലുകർഷകനും ഏലം കർഷകനും അവരുടെ വിളവിന്റെ വില നൽകണം. കർഷകനുവേണ്ടി ശബ്ദമുയർത്താനുള്ള ധൈര്യം രാഷ്ട്രീയപാർട്ടികൾക്കും മാധ്യമങ്ങൾക്കുമുണ്ടാകണം.

ഈ സർക്കുലർ അവസാനിപ്പിക്കുമ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) ഇൻഫാം കമ്മീഷന് കുടുംബങ്ങൾക്ക് നല്കാൻ പ്രത്യേകമായൊരാഹ്വാനമുണ്ട്. കൃഷിയുടെ പാരമ്പര്യം നാം കൈമോശം വരുത്തരുത്. നമ്മുടെ കർത്താവ് ഈശോമിശിഹാ/യേശുനാഥൻ കൃഷിയേയും അതിന്റെ പാരമ്പര്യത്തേയും സ്നേഹിച്ചവനാണ്. അവിടുന്ന് പറഞ്ഞ ഉപമകളിൽ, അത് മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയാകട്ടെ, വിതക്കാരന്റെ ഉപമയാകട്ടെ, കടുകുമണിയുടെ ഉപമയാകട്ടെ, വയലിന്റെയും നിധിയുടെയും ഉപമയാകട്ടെ, ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ നമ്മുടെ ഭവന

ങ്ങളോട് ചേർന്ന് ഓരോ വീടിനും സ്വന്തമായി ഒരു കൃഷിത്തോട്ടമുണ്ടാകണം. അവിടെ ആഴ്ചയിൽ ഒരു ദിനമെങ്കിലും മണ്ണിൽ പണിയാൻ ഡോക്ടറോ, എഞ്ചിനീയറോ, ബിസിനസ്സുകാരനോ, അധ്യാപകനോ ആരുമാകട്ടെ തയ്യാറാകണം. ദിവസം ഒരു നേരമെങ്കിലും നമ്മൾ സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഹാരം കഴിക്കാൻ നമുക്കാവണം. അങ്ങനെ നമുക്ക് കാർഷിക വൃത്തിയെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്താം. കർഷകന്റെ ശബ്ദമായ ഇൻഫാമിന് സകല പിന്തുണയും നൽകാൻ തയ്യാറാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

---

NB: 2024 ജനുവരി 14–ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരി സഹോദരന്മാർക്കുമായി പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർ സഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചുബിഷപ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാ ണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29നു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവു കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവുമായി ചെയ്ത നേതൃത്വശുശ്രൂഷകളെ നമുക്കു നന്ദിപൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശപ്രകാരം 2023 ഡിസംബർ 7ന് ഇന്ത്യൻ സമയം വൈകുന്നേരം നാലരമണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറിയിച്ചത്. ഇതേ സമയത്തുതന്നെ, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തു നിന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവു മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻഅധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവു നിയമിക്കപ്പെട്ട വിവരവും അറിയിക്കപ്പെട്ടു.

മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ കൂരിയമെത്രാനാണ് സഭയുടെ അഡ്മിനിസ്ട്രേ റ്ററായി സഭയ്ക്കു നേതൃത്വം കൊടുക്കേണ്ടതെന്നു കാനൻനിയമം അനു

ശാസിക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാ നിർവഹണത്തിനു ആവശ്യമായ ദൈവകൃപ ലഭിക്കുന്ന തിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാ സഹായം അപേക്ഷി ക്കുന്നു.

പുതിയ സഭാതലവനെ തെരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ്പു വിരമിച്ച ദിവസം മുതൽ രണ്ടു മാസത്തിനകം മെത്രാൻസിനഡു വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാൻമാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗിക കല്പന കഴിഞ്ഞ ഒക്ടോബർ 8നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7നു വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാന പ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡു സമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടപടികൾ ആരംഭിക്കുന്നതാണ്. സിനഡു തെരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിന് പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാ പദവിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ മുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നല്കുന്നു. ഇത് 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയ ങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹനപ്രാർഥ നക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.

മറ്റൊരു സുപ്രധാനകാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദി വർഷ സമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. റൊമാനി പൊന്തിഫിച്ചെസ് എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21ന് പരിശുദ്ധ പിതാവ് പതിനൊന്നാം പിയുസ് മാർപാപ്പയാണ് സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാപദവിയിലേയ്ക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂപതകളായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടു റോമാ മാർപാപ്പ എടുത്ത ഈ തീരുമാനത്തെ ത്തുടർന്നു

സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം നൂറ്റാണ്ടുവരെ ഭാരതംമുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർസഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനസ്ഥാപിക്കപ്പെട്ടു. 1887ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923ലെ ഹയരാർക്കി സ്ഥാപനവുമാണ് ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കി സ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വ്യാഴാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സഭയുടെ കേന്ദ്രകാര്യാലയ മായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ, 'സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്ന തിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം' (10:24). പരസ്പരസ്നേഹത്തോടും ഐക്യത്തോടും സഹകരണ മനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചക്കുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2023 ഡിസംബർ 9–ാം തിയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ

(2023 ഡിസംബർ 9 ന് വായിക്കാനായി നൽകിയത്)

# സീറോമലബാർസഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനൊരുക്കമായുള്ള പ്രാർഥന

സ്നേഹനാഥനായ ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മാർതോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്താൽ സ്ഥാപിതമായ സീറോമലബാർസഭയെ നിരന്തരം വഴിനടത്തുന്ന അങ്ങയുടെ പരിപാലനയെ ഞങ്ങൾ ഏറ്റുപറയുന്നു. ഈ സഭയ്ക്കു നേതൃത്വം നല്കുന്നതിനായി കാലാകാലങ്ങളിൽ അങ്ങു നിയോഗിച്ച എല്ലാ പിതാക്കന്മാരുടെയും പ്രത്യേകമായി, കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും നേതൃത്വ ശുശ്രൂഷകളെയോർത്ത് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത് എന്നു ശിഷ്യന്മാരോട് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നതിനുമുമ്പ് ദൈവപിതാവി നോടു പ്രാർഥിച്ച ഈശോയേ, അങ്ങയുടെ മാതൃക അനുകരിച്ചു ഞങ്ങളും ഇപ്പോൾ പ്രാർഥിക്കുന്നു. ലോകമെമ്പാടുമുള്ള സീറോമലബാർസഭയ്ക്കു നേതൃത്വം നല്കുന്നതിനുവേണ്ടി പുതിയ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കാനായി ഒരുമിച്ചുകൂടുന്ന മെത്രാന്മാരുടെ സിനഡുസമ്മേളനത്തെ അനുഗ്രഹിക്കണമേ. മാർതോമാശ്ലീഹായുടെ പിൻഗാമിക്കടുത്ത ശുശ്രൂഷാപദവി സ്വീകരിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയെ ഞങ്ങൾക്ക് നൽകണമെന്നു പ്രാർത്ഥിക്കുന്നു. സെഹിയോൻശാലയിൽ ശ്ലീഹന്മാരോടൊപ്പം പ്രാർഥനാനിരതയായിരുന്ന പരിശുദ്ധ അമ്മേ, ഈ സിനഡുസമ്മേ ളനത്തിൽ പരിശുദ്ധാത്മാവിന്റെ നിറവുണ്ടാകാൻ വേണ്ടി തിരുക്കുമാ രനോടു പ്രാർഥിക്കണമേ. ഞങ്ങളുടെ പിതാവായ മാർതോമാ ശ്ലീഹായേ, ഞങ്ങളുടെ സഭയിലെ വിശുദ്ധരേ, വാഴ്ത്തപ്പെട്ടവരേ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

*ഈ പ്രാർഥന 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.*

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റ്

# 2024 യുവജനവർഷം - കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാമെത്രാൻ സമിതി (KCBC) 2024-നെ കേരള കത്തോലിക്കാസഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

**കെസിബിസി യുവജനകമ്മീഷൻ**

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെസിബിസിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെസിബിസി യുവജന കമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും വൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തിയുള്ള യുവജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ

ഒരുമിച്ചു സഹകരിച്ച് യുവജനവർഷം ഉചിതമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**യുവജന വർഷത്തിന്റെ ആപ്തവാക്യം**

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം' എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

**യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും  മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്ക 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

**യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ**

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായ് യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതു നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.

2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥയാത്രകൾ ഇവയ്ക്ക് പ്രാധാന്യം.
3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ.
4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.
5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7–ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

**യുവജനസഭയും വെല്ലുവിളികളും**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്' (അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാ കാലത്തും അത് അങ്ങനെ തന്നെയാണ് താനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേററം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്ക്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, വന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമഴിയുടെയും സ്വജന പക്ഷപാതത്തിന്റെയും മൂല്യരാ

ഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്ക്മരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലു വിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്ക 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മധ്യസ്ഥം കേരളസഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രീയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹി ക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്
**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്
**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

(2023 ഡിസംബർ 31–ാം തീയതി വായിക്കാനായി നൽകിയത്.)

## യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരള സഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാന ത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതി യിൽ വളർന്നുവന്നതു പോലെ കേരളസഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേ ഹത്തിലും വളരുവാൻ അങ്ങ് കൃപചെയ്യണമേ. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന യുവജനവർഷ ആപ്തവാക്യം അനുദിന കർമങ്ങളുടെ ഭാഗ മാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പ രിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്നമാക്ക ണമേ. പരിശുദ്ധ മാർപാപ്പായെയും മെത്രാന്മാരെയും വൈദീകരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണ മെ. എല്ലാ യുവജന സംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമെ. ദൈവവിളികൾ വർദ്ധിപ്പിക്കണമെ. പഠന മേഖലകളെയും തൊഴി ലിട ങ്ങളെയും ആശീർവദിക്കണമെ. കത്തോലിക്കാ വിശ്വാസത്തിനു ചേർന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാനുള്ള വിവേകവും ജ്ഞാന വും നൽകി പരിപോഷിപ്പിക്കണമെ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകേ ണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരെ യുവജനങ്ങൾക്കായി പ്രാർത്ഥി ക്കണമേ ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fr. John Arasseril Ofm Cap : Vicar, Kundayithode

Rev. Fr. Sebastian Eruppakkatt : Relieved

## 2. സീറോ മലബാർ പ്രേഷിതവാരം, പ്രേഷിത ഞായർ പ്രത്യേക പിരിവ്

2024 ജനുവരി 6–ാം തീയതി മുതൽ 12–ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും പരിചയപ്പെടുവാനും പരിശ്രമിക്കാം. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## 3. സഭൈക്യവാരം

2024 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി ആചരിക്കുന്നു. സഭകളുടെ ഐക്യം ഫലപ്രദമായ സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഐക്യത്തോടും ഉപവിയോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്താം.

## 4. നന്ദി, സ്വാഗതം, പ്രാർത്ഥനാശംസകൾ

രൂപതയുടെ പുതിയ ചാൻസലറായി ചുമതലയേറ്റിരിക്കുന്ന ബഹു. സെബാസ്റ്റ്യൻ കാവളക്കാട്ട് അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. അച്ചനിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന പുതിയ ഉത്തരവാദിത്വം കൂടുതൽ ദൈവാനുഗ്രഹപ്രദമാകുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

താമരശ്ശേരി രൂപതയുടെ ചാൻസലറായും രൂപത ട്രൈബ്യൂണൽ ജഡ്ജിയായും സ്തുത്യർഹമായ സേവനം ചെയ്തതിനുശേഷം ചിക്കാഗോ രൂപതയിൽ അജപാലനശുശ്രൂഷയ്ക്കായി നിയമിതനായിരിക്കുന്ന ബഹു. ചെറിയാൻ പൊങ്ങൻപാറ അച്ചന് പ്രാർത്ഥനാശംസ

കളും പുതിയ ശുശ്രൂഷാമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു.

കുണ്ടായിത്തോട് ഇടവകവികാരിയായി അജപാലന ശുശ്രൂഷ ചെയ്തതിനുശേഷം പുതിയ ശുശ്രൂഷമേഖലയിലേക്ക് പോകുന്ന ബഹു. സെബാസ്റ്റ്യൻ ഇരുപ്പക്കാട്ട് അച്ചന് രൂപതാസമൂഹത്തിന്റെ നന്ദിയും ആശംസകളും നേരുന്നു.

രൂപതയുടെ വൈദികകൂട്ടായ്മയിലേക്ക് കടന്നുവന്നിരിക്കുന്ന ബഹു. ജോൺ അറശ്ശേരിൽ ഒഎൽഎ ഇമു അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**5. നവവൈദികരുടെ സംഗമം**

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും ഒരു സംഗമം ജനുവരി 7-ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മണിക്ക് രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കുവേണ്ടിയും മറ്റ് രൂപതകൾക്കുവേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**6. ജൂനിയർ ക്ലർജി സെമിനാർ**

2024 ജനുവരി 22 മുതൽ 24 വരെ ജൂനിയർ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ ക്രമീകരിച്ചിരിക്കുന്നു. ലിസ്റ്റിലുള്ള എല്ലാ വൈദികരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | Antheenattu Joseph | 2 | Cheeramattathil Sebastian |
| 3 | Chirathalackal Joseph | 4 | Edakkattil Joseph |
| 5 | Kalappurackal Joseph | 6 | Karackal Sebastian |
| 7 | Karintholil George | 8 | Kiliyanparambil Joseph |
| 9 | Kochukaipayil Kuriakose | 10 | Kochumuriyil Thomas |
| 11 | Kottackal Mathew | 12 | Koyipurath Jacob |
| 13 | Kudiyirickal Thomas | 14 | Machukuzhiyil Augustine |
| 15 | Mangalamadathil Mathew | 16 | Mattappillil Sebastian |
| 17 | Narivelil George | 18 | Panackal Varghese |

19 Panthaladickal Joseph
20 Poovathinkal Paul
21 Pulayanparambil Thomas
22 Purayidathil George
23 Puthanpurackal Joseph
24 Puthenveettil Kuriakose
25 Srambickal Abraham
26 Thekkekkaramattathil Mathew
27 Thoomullil Mathew
28 Thuravackal Augustine
29 Vallikunnel James
30 Vellackakudiyil George
31 Vellaramkalayil George
32 Vilangupara Joseph

**7. ആദരാഞ്ജലി**

ബഹു. റോണി പോൾ കാവിൽ അച്ചന്റെ മാതാവ് **മേരിക്കുട്ടി പൗലോസ് കാവിൽ** (75) 2023 നവംബർ 27-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 28-ാം തീയതി ചൊവ്വാഴ്ച മുക്കം ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോട് പ്രത്യേകിച്ച് ബഹു. റോണിയച്ചനോടും രൂപതയുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കർമ്മലീത്ത സന്യാസ സമൂഹാംഗം **സി. സിസിലി ജോസ് സി.എം.സി. (71)** 2023 നവംബർ 27 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 28-ാം തീയതി കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ നടന്ന ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. രൂപതയുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കർമ്മലീത്തസന്യാസ സമൂഹാംഗം **സി. ജാക്വിലിൻ മേരി സി. എം.സി. (82)** 2023 ഡിസംബർ 1 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2-ാം തീയതി തിരുവമ്പാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിലും തുടർന്ന് സേക്രഡ് ഹാർട്ട് ഇടവക ദൈവാലയത്തിലും നടന്ന ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. രൂപതയുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 06–01–1979 | – | റവ. ഫാ. ജോസഫ് പരിയാരം |
| 10–01–1994 | – | റവ. ഫാ. ഫൗസ്റ്റിൻ സി.എം.ഐ. |
| 18–01–1960 | – | റവ. ഫാ. കെറൂബിൻ സി.എം.ഐ. |
| 18–01–1989 | – | റവ. ഫാ. ബെർനാർഡിൻ സി.എം.ഐ. |
| **21–01–2016** | **–** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31–01–1986 | – | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# ജനഹൃദയങ്ങളിൽ കുടിയേറിയ മോൺ. ആന്റണി കൊഴുവനാൽ



1944 സെപ്റ്റംബർ 8ന് കോട്ടയം കൊഴുവനാൽ പരേതരായ ദേവസ്യ – അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ നാലാമനായി ആന്റണിയച്ചൻ ജനിച്ചു. കോട്ടയത്തുനിന്നും കൂരാച്ചുണ്ടിലേക്ക് കുടിയേറിയ കൊഴുവനാൽ കുടുംബത്തിലെ ബഹു. ആന്റണിയച്ചൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം കൂരാച്ചുണ്ട് സെന്റ് തോമസ് യു.പി. സ്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം കുളത്തുവയൽ സെന്റ് ജോർജ്ജിലും പൂർത്തിയാക്കിയ ശേഷം 1963ൽ തലശ്ശേരി രൂപതയിലെ സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ചു. ആലുവ, സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര – ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി, അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി 1972 ഡിസംബർ 27 ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് കൂരാച്ചുണ്ട് ഇടവകയിൽ വച്ച് വൈദികപട്ടം സ്വീകരിക്കുകയും തുടർന്ന് പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

അവിഭക്ത തലശ്ശേരി രൂപതയിലെ മാനന്തവാടി, കണിയാരം ഇടവകയിൽ 1972ൽ അസിസ്റ്റന്റ് വികാരിയായും 1973ൽ തേർമല ഇടവകയിൽ വികാരിയായും സേവനമനുഷ്ഠിച്ചു. മാനന്തവാടി ഗിരിദീപം പ്രസ്സിന്റെ മാനേജരായി ഇക്കാലഘട്ടത്തിൽ സേവനം ചെയ്തു. തലശ്ശേരി അതിരൂപതയിലെ മതബോധന വിഭാഗത്തിന്റെ അസിസ്റ്റന്റ്

ഡയറക്ടറായി 1975 മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് ഉപരി പഠനത്തിനായി കാനഡയിലേക്ക് പോകുകയും 1981 – 85 കാലഘട്ടത്തിൽ ടൊറന്റോ സെന്റ് ജെയിംസ് ദൈവാലയത്തിൽ അസിസ്റ്റന്റ് വികാരിയായും തുടർന്ന് 1987 വരെ ടൊറന്റോ അതിരൂപതയിലെ സെന്റ് തോമസ് സിറിയൻ കമ്മ്യൂണിറ്റിയുടെ വികാരിയായും സേവനം ചെയ്തു. കാനഡ ടൊറന്റോ യൂണിവേഴ്സിറ്റിയിൽ നിന്നും 'ഗാന്ധിയൻ രാഷ്ട്രീയ ചിന്തയും ക്രൈസ്തവ വിമോചന ദൈവശാസ്ത്രവും–ഒരു വിമർശനാത്മക പഠനം' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. സ്വദേശത്ത് തിരിച്ചെത്തിയ ആന്റണി അച്ചൻ വാലില്ലാപ്പുഴ, മുക്കം, മേരിക്കുന്ന്, തിരുവമ്പാടി, ചേവായൂർ എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

താമരശ്ശേരി രൂപതയുടെ ആരംഭകാലഘട്ടം മുതൽ കോഴിക്കോട് നഗരത്തിലെ തിളങ്ങുന്ന മുഖമായിരുന്നു ബഹു. ആന്റണി കൊഴുവനാലച്ചൻ. താമരശ്ശേരി രൂപതയുടെ അജപാലന കേന്ദ്രമായ മേരിക്കുന്ന് പി.എം.ഒ.സി.യുടെയും, അശരണർക്കും ആലംബഹീനർക്കും ആശ്രയമായ കരുണഭവന്റെയും നിരവധി വിദ്യാർത്ഥികളെ ഉന്നതങ്ങളിൽ എത്തിച്ച ഉന്നത വിദ്യാഭ്യാസ പരിശീലനകേന്ദ്രമായ സ്റ്റാർട്ടിന്റെയും ആരംഭകനും ആദ്യ ഡയറക്ടറും ചാലകശക്തിയും ആന്റണി അച്ചനായിരുന്നു. യുവതലമുറയ്ക്ക് ജീവിതത്തിന്റെ ഉൾക്കാഴ്ചകൾ പകർന്നു നൽകുന്നതിനും മാർഗദർശിയാകുന്നതിനും പ്രകാശ ഗോപുരമായി സ്റ്റാർട്ട് നിലകൊള്ളുന്നു. കോഴിക്കോട് നഗരത്തിൽ വിവിധ സന്യാസിനി ഭവനങ്ങൾ സ്ഥാപിക്കുന്നതിനായി സ്ഥലങ്ങൾ വാങ്ങുന്നതിനും കോൺവെന്റുകൾ സ്ഥാപിക്കുന്നതിനും അച്ചന്റെ പരിശ്രമം ഉണ്ടായിരുന്നുവെന്നത് വിസ്മരിച്ചുകൂടാ.

സന്യാസിനീ ജിവിതത്തിലേക്ക് കടന്നുവരുന്നവർക്കായി അച്ചൻ ആരംഭിച്ച ദൈവശാസ്ത്ര കോഴ്സ് ഒത്തിരി സന്യാസിനികളെ ദൈവത്തിങ്കലേക്ക് കൂടുതൽ അടുപ്പിക്കുന്നതിന് കാരണമായിതായി പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പി.എം.ഒ.സി. കേന്ദ്രീകരിച്ച് പ്രീ–കാനാ എന്ന പേരിൽ വിവാഹത്തിനൊരുങ്ങുന്നവർക്കായി ആരംഭിച്ച കോഴ്സ് അനവധി യുവതി യുവാക്കളുടെ വിവാഹ ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്താൻ പര്യാപ്തമായ ഒരു കോഴ്സായി ഇപ്പോഴും തുടർന്നുപോരുന്നു.

പാറോപ്പടി ഫൊറോന പള്ളി വികസിപ്പിക്കുന്നതിലും അശോക പുരം പള്ളിക്ക് സ്ഥലം കണ്ടെത്തുന്നതിലും അച്ചൻ നടത്തിയ പരിശ്രമങ്ങൾ എന്നും സ്മരിക്കപ്പെടുക തന്നെ ചെയ്യും. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്ററിന്റെ ആരംഭ അംഗമായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്.

സീറോ മലബാർ ലിറ്റർജി കമ്മറ്റി അംഗവും സീറോ മലബാർ ലിറ്റർജി റിസർച്ച് അംഗവുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആലുവ പൊന്തിഫിക്കൽ സെമിനാരിയുടെ ജേർണലായ മതവും ചിന്തയും എന്ന പ്രസിദ്ധീകരണത്തിന്റെ ആരംഭ എഡിറ്റർ ആന്റണി കൊഴുവനാൽ അച്ചൻ ആയിരുന്നു.

പ്രതിസന്ധിയിൽ മുങ്ങിത്താഴുന്ന കർഷക ജനതയെ നെഞ്ചോടു ചേർത്തുപിടിക്കുന്നതിലും ആന്റണി അച്ചൻ മുന്നിലുണ്ടായിരുന്നു. കർഷകരുടെ ഏറ്റവും വലിയ സംഘടനയായ ഇൻഫാമിന്റെയും കർഷക മുന്നേറ്റ സമിതിയുടെയും ആരംഭകനും നിലവിൽ ഇൻഫാമിന്റെ നാഷണൽ ജനറൽ സെക്രട്ടറിയുമായിരുന്നു. കൊക്കോക്കോള, പാമോയിൽ എന്നിവയുടെ ബഹിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾക്ക് ആന്റണി അച്ചൻ നേതൃത്വം നൽകി. പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ ആരംഭകാലം മുതൽ അതിന്റെ ചെയർമാനുമായിരുന്നു. ആഗോളവത്കരണത്തിന്റെ കടന്നുവരവോടെ ഗ്രാമങ്ങളുടെ നിലനില്പ് പ്രതിസന്ധിയിലേക്ക് നീങ്ങിയപ്പോൾ സ്വദേശി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആന്റണി അച്ചൻ ആവിഷ്കരിച്ചു. ഇറക്കുമതി ചെയ്യുന്ന പച്ചക്കറികൾക്ക് പകരം ഓരോ കുടുംബത്തിനും ആവശ്യമായ പച്ചക്കറികൾ കൃഷി ചെയ്യുക, ബഹുരാഷ്ട്ര കമ്പനികളുടെ കോള, നാളികേര കർഷകർക്ക് ഭീഷണിയായ പാമോയിൽ എന്നിവ ബഹിഷ്കരിക്കുക, ജൈവ കൃഷിക്ക് പ്രാധാന്യം നൽകുക തുടങ്ങിയ ആന്റണി അച്ചന്റെ ആശയങ്ങൾ സമൂഹത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കാൻ കാരണമായി.

തിരുവമ്പാടിയിൽ സേവനം ചെയ്യുമ്പോൾ, രണ്ട് പതിറ്റാണ്ടുകൾപ്പുറത്ത്, വീട്ടിലും പരിസരങ്ങളിലുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തിരുവമ്പാടിയിൽ എത്തിച്ച് സംസ്കരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും പ്രസ്തുത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ്

ടാറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുകയും ചെയ്തത് ആന്റണി അച്ചന്റെ കാലത്തായിരുന്നു. ഈ പദ്ധതിയാണ് ഇന്നുമറിയപ്പെടുന്ന 'ക്ലീൻ ഗ്രീൻ തിരുവമ്പാടി'.

അജപാലന പ്രവർത്തനത്തിനപ്പുറം ജനജീവിതത്തിന്റെയും നാടിന്റെയും സമഗ്രമായ വികസനത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ കൊഴുവനാലച്ചന് സാധിച്ചുവെന്നത് ഏവരും മനസ്സിൽ സൂക്ഷിക്കുന്ന നന്മകളാണ്.

കത്തോലിക്കാ സഭയ്ക്ക് നൽകിയ വിലപ്പെട്ട സേവനങ്ങൾ മാനിച്ച് 2017 ഏപ്രിൽ 29ന് ഫ്രാൻസീസ് മാർപാപ്പ 'ചാപ്ലയിൻ ഓഫ് ഹിസ് ഹോളിനസ്' എന്ന സ്ഥാനം നൽകി ഫാ. ആന്റണി കൊഴുവനാലിനെ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തി. മിഷൻ ലീഗ് പുരസ്ക്കാരം, കോഴിക്കോട് കോർപ്പറേഷന്റെ മംഗളപത്രം അടക്കം ഒട്ടേറെ പുരസ്ക്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്.

ശാരീരിക ബുദ്ധിമുട്ടുകൾ വർദ്ധിച്ചപ്പോൾ ചികിത്സയ്ക്കായി വിവിധ ഹോസ്പിറ്റലുകളിൽ ആയിരിക്കുകയും, 06.12.2023, ബുധനാഴ്ച രാത്രി പത്ത് മണിയോടെ, തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ ആന്റണി അച്ചൻ വിളിക്കപ്പെടുകയും ചെയ്തു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ ആന്റണി അച്ചനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. താമരശ്ശേരി രൂപതയുടെ ബാഷ്പാഞ്ജലികൾ.

# ആദരാഞ്ജലികൾ
## സി. സിസിലി ജോസ് CMC

*ജനനം : 17.11.1952 മരണം 27.11.2023*

*"വിശുദ്ധ മന്ദിരത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ ശുശ്രൂഷ ചെയ്തു; സീയോനിൽ ഞാൻ വാസമുറപ്പിച്ചു. അങ്ങനെ പ്രിയങ്കരമായ നഗരത്തിൽ അവിടുന്ന് എനിക്ക് വിശ്രമം നൽകി; ജറുസലേമിൽ എനിക്ക് ആധിപത്യവും." (പ്രഭാ. 24:10 –11).*



സി. സിസിലി ജോസ് എറണാകുളം അങ്കമാലി അതിരൂപതയിലെ ചേർത്തല മുട്ടം ഇടവകയിൽ തീയ്യാട്ടുപറമ്പിൽ ജോസഫ് മറിയം ദമ്പതികളുടെ ഒൻപത് മക്കളിൽ ഏഴാമത്തെ മകളായി 1952 നവംബർ17 ന് ജനിച്ചു. നവംബർ 26 ന് മാമ്മോദീസയിൽ സിസിലി എന്ന പേര് ലഭിച്ചു. പ്രാഥമിക വിദ്യാഭ്യാസം ചേർത്തല സെന്റ് മേരീസ് യു പി സ്കൂളിൽ പൂർത്തിയാക്കി. 1965 ൽ മലബാറിലേയ്ക്ക് കുടിയേറിയ മാതാപിതാക്കൾ കൂടരഞ്ഞിയിൽ താമസമാക്കി. കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കുളിൽ സെക്കണ്ടറി വിദ്യാഭ്യാസം പുർത്തിയാക്കിയ സിസിലിയാമ്മ 1969 ൽ S S L C പാസ്സായ ശേഷം സന്യാസിനിയാകാനുള്ള ഉറച്ച തീരുമാനത്തോടെ കൂടരഞ്ഞി സെന്റ് ജോസഫ് മഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസ പരിശീലനം പൂർത്തിയാക്കി 1971 മെയ് 1–ാം തിയ്യതി പ്രഥമ വ്രതവാഗ്ദാനവും 1976 മെയ് 25 ന് നിത്യവ്രതവാഗ്ദാനവും നടത്തി.

കീഴ്പ്പള്ളി, തോട്ടുമുക്കം, എടൂർ, അങ്ങാടിക്കടവ്, തിരുവമ്പാടി, താമരശ്ശേരി, മദ്രാസ്, മേരിക്കുന്ന് എന്നിവിടങ്ങളിൽ നേഴ്സറി അധ്യാപികയായും പ്രഥമാധ്യാപികയായും സ്തുത്യർഹമായ സേവനം സിസ്റ്റർ ചെയ്തു. നേഴ്സറി ജോലിയിൽ നിന്ന് വിരമിച്ച ശേഷം ഫുൾടൈമറായി ധ്യാനം, കൗൺസിലിംഗ് എന്നീ മേഖലകളിൽ ശുശ്രൂഷ ചെയ്തു. ഈ അവസരങ്ങളിൽ ബഥാനിയ, പുതുപ്പാടി ജൂബിലിമിഷൻ എന്നീ ധ്യാനകേന്ദ്രങ്ങളിലും തിരുവമ്പാടി, താമരശ്ശേരി

ചാവറ ഹോസ്പിറ്റൽ എന്നിവിടങ്ങളിലും കൗൺസിലിംഗ് നൽകി ജനങ്ങളെ സഹായിച്ചു.

നവംബർ 27ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് സിസ്റ്ററിന്റെ പാവനാത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാര ശുശ്രൂഷ 28 നവംബർ 4.30 ന് കൂടരഞ്ഞി മഠം ചാപ്പലിൽ ആരംഭിച്ച് ആഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

---

# ആദരാഞ്ജലികൾ
## സി. ജാകിലിൻ മേരി CMC

*ജനനം : 18.04.1941 മരണം 01.12.2023*

*"എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേ തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു..." (യോഹ. 3:16).*



പാലാ രൂപതയിലെ മരങ്ങാട്ടുപള്ളി ഇടവകയിൽ 1941 ഏപ്രിൽ 18 ന് തറപ്പിൽ മാണിയുടേയും മറിയത്തിന്റെയും എട്ടാമത്തെ മകളായി സി. ജാകിലിൻ മേരി ഭൂജാതയായി. 1941 ഏപ്രിൽ 25 ന് മരങ്ങാട്ടുപള്ളി സെന്റ് ഫ്രാൻസീസ് ദേവാലയത്തിൽ വച്ച് മേരി എന്ന നാമധേയത്തിൽ മാമോദീസ സ്വീകരിച്ചു. മരങ്ങാട്ടുപള്ളി സെന്റ് തോമസ് സ്കൂളിൽ തന്റെ പ്രഥമിക വിദ്യാഭ്യാ സം പൂർത്തിയാക്കി. 1957 ൽ തിരുവമ്പാടി ഇടവകയിലേയ്ക്ക് കുടിയേറിപാർത്ത മാതാപിതാക്കൾ മേരിയെ സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ തുടർ പഠനത്തിനായി ചേർക്കുകയും ചെയ്തു. 1961 ൽ S S L C പാസ്സായ മേരി കർമ്മലയിലേയ്ക്കുള്ള തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് 1961 ജൂലൈ 16 ന് പാലായിലുള്ള

കരൂർ മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. സന്യാസപരിശീലനം പൂർത്തിയാക്കി 1963 ഏപ്രിൽ 14 ന് ആദ്യവ്രതാർപ്പണവും 1966 മെയ് 30 ന് നിത്യവ്രതാർപ്പണവും നടത്തി. 1965 മുതൽ തിരുവമ്പാടി സേക്രഡ് ഹാർട്ട് യു പി സ്കൂളിൽ ഹിന്ദി അധ്യാപികയായി തന്റെ സേവനം ആരംഭിച്ചു. നീണ്ട 31 വർഷക്കാലം നല്ല അധ്യാപികയായി സേവനം ചെയ്ത സിസ്റ്റർ 1997 ൽ സേക്രഡ് ഹാർട്ട് യു പി സ്കുളിൽ നിന്ന് വിരമിച്ചു. അതിനുശേഷം മേരിക്കുന്ന് മുതുകാട്, അടയ്ക്കാകുണ്ട്, ചാവറഭവൻ, തേഞ്ഞിപ്പലം, കൽക്കുണ്ട് പുഷ്പഗിരി എന്നീ മഠങ്ങളിൽ സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ സുപ്പീരിയർ, ജൂണിയർ മിസ്ട്രസ്, ആസ്പിരന്റ് മിസ്ട്രസ്, ബോർഡിംഗ് മിസ്ട്രസ്, ബാലഭവൻ ഡയറക്ടർ, എന്നീ നിലകളിൽ നിസ്തുല സേവനം കാഴ്ച്ചവെച്ചു.

ഡിസംബർ 1 വെള്ളിയാഴ്ച്ച വൈകുന്നേരം 4.45 ന് നിത്യസമ്മാന ത്തിനായി സിസ്റ്റർ വിളിക്കപ്പെട്ടു. മൃതസംസ്കാര ശുശ്രൂഷ ഡിസംബർ 02 ന് ഉച്ചയ്ക്ക് തിരുവമ്പാടി സി. എം. സി പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ ആരംഭിച്ച് അഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ തിരുവമ്പാടി സേക്രഡ് ഹാർട്ട് പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

# വിശ്വാസപരിശീലനം

*"ബേത്‌ലെഹെം, എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നു പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കുമുൻപേ, ഉള്ളവനാണ്." (മിക്കാ 5:2)*

## Power Cell (മതാധ്യാപക സംഗമം)

ഡിസംബർ 2 ശനിയാഴ്ച്ച താമരശ്ശേരി സെന്ററിൽ വച്ച് നടന്ന പവർ സെൽ –21 ൽ താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, ഈങ്ങാപ്പുഴ, കൂമുള്ളി, തലയാട്, വയലിട എന്നീ ഇടവകക ളിൽ നിന്നും 96 അധ്യാപകർ പങ്കാളികളായി. ഡിസംബർ 7 വ്യാഴാഴ്ച്ച വിലങ്ങാട് സെന്ററിൽ വച്ച് നടന്ന പവർ സെൽ –22 ൽ വിലങ്ങാട് മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും 54 അധ്യാപകർ പങ്കെ ടുത്തു. ഡിസംബർ 9 ശനിയാഴ്ച്ച ആനക്കാംപൊയിൽ സെന്ററിൽ വച്ച് നടന്ന പവർസെൽ –23 ൽ പുല്ലൂരാംപാറ, ആനക്കാംപൊ യിൽ, മുത്തപ്പൻപുഴ, കരിമ്പ് എന്നീ ഇടവകകളിൽ നിന്നും 56 അധ്യാപ കരുടെ സാന്നിധ്യം ഉണ്ടായിരുന്നു. എല്ലാ പവർ സെൽ പ്രോഗ്രാമു കളിലും അഭിവന്ദ്യ പിതാവ് ഒരു മണിക്കൂർ വി.കുർബാനയെക്കുറിച്ച് ക്ലാസ്സെടുത്തു. ഈ വർഷം വി.കുർബാന കേന്ദ്രവിഷയമാക്കി മതാ ധ്യാപകർക്കായി ഒരുക്കിയ പവർ സെൽ പരിശീലന പരിപാടി 23 സെന്ററുകളിലായി പൂർത്തിയായി. വിവിധ സെന്ററുകളിലായി 1421 അധ്യാപകർ പങ്കെടുത്തു.

## Faith @ Parish

നവംബർ 19, ഡിസംബർ 3 ഞായറാഴ്ച്ചകളിൽ രൂപതാ മത ബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ കുണ്ടായി ത്തോട്, തിരൂർ ഇടവകകളിൽ സന്ദർശനം നടത്തുകയും, വിശുദ്ധ ബലിയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി. തുടർന്ന് മതാധ്യാപകരെ കണ്ട് വിശ്വാസ പരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെ യ്തു.

## ACC 13,14 ക്ലാസ്സുകൾ

ഡിസംബർ മാസത്തെ അഇഇ 13 ന്റെ 2 ക്ലാസ്സുകളും, അഇഇ 14 ന്റെ 2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

ACC 13 ൽ 'വിവാഹേതരബന്ധവും സഭയുടെ കാഴ്ചപ്പാടും' എന്ന വിഷയത്തെ കുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറയും, ഇതരമതങ്ങൾ സഭയുടെ കാഴ്ചപ്പാട് എന്ന വിഷയത്തെ കുറിച്ച് ഫാ. ഡോ. ജേക്കബ് അരീത്തറയും ക്ലാസ്സുകൾ എടുത്തു. ACC 14ൽ ലൈംഗിക ധാർമികത (part 2) എന്ന വിഷയത്തെ കുറിച്ച് ശ്രീ. സണ്ണി കോക്കാപ്പിള്ളിയും 'മറിയത്തോടുള്ള അപേക്ഷകൾ' എന്ന വിഷയത്തെ കുറിച്ച് സി. ഡോ. റോസ്മിൻ സി.എം.സി യും ക്ലാസ്സുകൾ എടുത്തു. ശ്രീ. ജോൺസൺ പൂവത്തിങ്കൽ ഇതേ ക്ലാസ്സുകൾ പവർപോയിന്റ് പ്രസന്റേഷനോടുകൂടി കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## മീഡിയ കാറ്റക്കേസിസ്

ഡിസംബർ മാസത്തിൽ നടന്ന പവർ സെൽ, Faith @ Parish, ACC, എന്നീ പ്രോഗ്രാമുകളുടെ വീഡിയോകൾ കാറ്റക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## പ്രൊമോട്ടേഴ്സിന്റെ സന്ദർശനം

ഓരോ ഇടവകകളിലേയും വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തിയ റിപ്പോർട്ട് പ്രൊമോട്ടേഴ്സ് രൂപതാ മതബോധന ഓഫീസിൽ എത്തിച്ചു.

## രൂപതാ മതബോധന കമ്മിറ്റി

ഡിസംബർ 19 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് രൂപതാ മതബോധന കമ്മിറ്റി നടന്നു. രൂപതാ പ്രസിഡന്റ് ഷിബു എടാട്ട് എല്ലാവരേയും സ്വാഗതം ചെയ്തു. രൂപതാ മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ ആമുഖ സന്ദേശം നൽകി. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷ പ്രസംഗം നടത്തി. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ ആശംസകൾ അറിയിച്ചു. ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം ശ്രീ. സണ്ണി കോക്കപ്പള്ളി എല്ലാവർക്കും നന്ദി പറഞ്ഞു.

## Faith @ Home

കുടുംബവിശ്വാസ പരിശീലനത്തിന്റെ ഭാഗമായി നടക്കുന്ന Faith @ Home പ്രോഗ്രാം വിവിധ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. പാറോപ്പടി, കരുവാരക്കുണ്ട്, വിലങ്ങാട് മേഖലകളിലെ വിവിധ ഇടവകകളിൽ Faith @ Home പ്രോഗ്രാം നടന്നു.

### HCC I, HCC II യൂണിവേഴ്സിറ്റി പരീക്ഷ

2024 ജനുവരി 26 വെള്ളിയാഴ്ച്ച ഒഇഇ ക, ഒഇഇ കക യൂണിവേഴ്സിറ്റി പരീക്ഷ 2 pm മുതൽ 4 pm വരെ ആയിരിക്കും. ഇടവക കേന്ദ്രീകരിച്ചായിരിക്കും പരീക്ഷകൾ നടക്കുന്നത്. ഓരോ ഇടവകയിലേക്കും രൂപതയിൽ നിന്ന് ഇൻവിജിലേറ്റേഴ്സിനെ അയക്കുന്നതാണ്. ചോദ്യപേപ്പറുകൾ ജനുവരി 20 ശനിയാഴ്ച്ച നടക്കുന്ന സംഗമത്തിൽ നൽകുന്നതാണ്.

**ജനുവരി 2023**

| | | |
|---|---|---|
| 01 തിങ്കൾ | – | വർഷാരംഭം |
| 03 ബുധൻ | – | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 06 ശനി | – | ദനഹാ തിരുനാൾ |
| 07 ഞായർ | – | ദനഹാക്കാലം 1–ാം ഞായർ<br>ACC 13, 14 Online Class |
| 14 ഞായർ | – | ദനഹാക്കാലം 2–ാം ഞായർ<br>ACC 13, 14 Online Class |
| 20 ശനി | – | പ്രധാനാധ്യാപക സംഗമം (ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം താമരശ്ശേരി) 25 വർഷം പൂർത്തിയാക്കിയ അധ്യാപകരുടെ പേരുകൾ, ഫോട്ടോ എന്നിവ മതബോധന കേന്ദ്രത്തിൽ ഏൽപിക്കുന്നു.<br>വി. സെബസ്ത്യാനോസ് |
| 21 ഞായർ | – | ദനഹാക്കാലം 3–ാം ഞായർ |
| 22 തിങ്കൾ | – | HCC വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മേഖലാ കമ്മറ്റിക്കു നൽകുന്നു |
| 26 വെള്ളി | – | HCC വാർഷിക പരീക്ഷ (ഇടവകകളിൽ വച്ച്) (2pm – 4pm) |

27 ശനി – HCC വാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഇടവകകളിൽ നിന്ന് മേഖലാ കമ്മറ്റിക്കു നൽകുന്നു.

28 ഞായർ – ദനഹാക്കാലം 4–ാം ഞായർ ഒഇഇ വാർഷിക പരീക്ഷയുടെ മൂല്യനിർണയം മേഖലയിൽ നടത്തുന്നു.

29 തിങ്കൾ – ഒഇഇ ഉത്തരക്കടലാസുകൾ മതബോധന ഓഫീസിൽ ഏൽപിക്കുന്നു

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

---

# ബൈബിൾ അപ്പോസ്തൊലേറ്റ്

## ബൈബിൾ അപ്പോസ്തൊലേറ്റ് ലോഗോസ് ക്വിസ്

2023 നവംബർ 5 ന് കോഴിക്കോട് പ്രൊവിഡൻസ് സ്കൂളിൽ വച്ചു നടന്ന ലോഗോസ് ക്വിസ് സംസ്ഥാനതല മത്സരത്തിൽ വിവിധ വിഭാഗത്തിൽ നിന്നായി 18 പേർ പങ്കെടുത്തു. അവിടെ നിന്നും വിജയികളായ, ബി. വിഭാഗത്തിൽ: ലിയ ട്രീസ കേഴപ്ലാക്കലും, ഇ. വിഭാഗത്തിൽ: മാത്യു തൈക്കുന്നുംപുറത്തും, നവംബർ 18 ന് എറണാകുളത്ത് പി.ഒ.സി. യിൽ വച്ച് നടന്ന ലോഗോസ് ഫൈനൽ മത്സരത്തിൽ പങ്കെടുത്തു. ബി. വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്തമാക്കി ലിയ ട്രീസ കേഴപ്ലാക്കൽ നവംബർ 19 ന് നടന്ന പ്രതിഭ ഫൈനൽ മത്സരത്തിൽ പങ്കെടുക്കുകയും, രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. കൂരോട്ടുപാറ ഇടവക കേഴപ്ലാക്കൽ സുനിൽ, ഷീന ദാമ്പതികളുടെ മകളാണ് ലിയ ട്രീസ.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തൊലേറ്റ്

# ഫാമിലി അപ്പോസ്തൊലേറ്റ്

**1. പ്രീകാനാ കോഴ്സുകൾ 2024**

ജനുവരി 11–13
ഫെബ്രുവരി 8–10
മാർച്ച് 7–9
കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8075935240 (WhatsApp)

**2. ഹോം മിഷൻ**

ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ ഇടവകകളിൽ ഹോം മിഷൻ നടത്താനുള്ള സജീകരണം ഒരുക്കിയിട്ടുണ്ട്. താല്പര്യം ഉള്ള ഇടവകകൾ ഫാമിലി അപ്പോസ്റ്റോലേറ്റുമായി ബന്ധപ്പെടുമല്ലോ.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്

---

# ചെറുപുഷ്പ മിഷൻലീഗ്

**വീട്ടിൽ സ്റ്റാർ തൂക്കി നാട്ടിൽ സ്റ്റാർ ആകാം**

ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ നവംബർ 30ന്വൈകുന്നേരം തങ്ങളുടെ വീടുകളിൽ ക്രിസ്തുവിന്റെ ജനനത്തിന്റെ സന്ദേശം പേറുന്ന നക്ഷത്രം തൂക്കി.

**ഗ്ലോറിയ 2K23 – ക്രിസ്തുമസ് തിരുവചന പ്രാർത്ഥന**

ഉണ്ണി യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഈ ദിവസങ്ങളിൽ താമരശ്ശേരി രൂപതയിലെ കുഞ്ഞുങ്ങൾ ഗ്ലോറിയ 2സ23 ക്രിസ്തുമസ് തിരുവചന പ്രാർത്ഥന എന്ന പേരിൽ ഡിസംബർ 1 മുതൽ 25 വരെ തിരുവചനത്തിലൂടെ ക്രിസ്തുമസ് പ്രാർത്ഥനകളുടെ സ്റ്റാറ്റസ് വീഡിയോ ഉണ്ടാക്കി ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു.

## FIESTA 2K23 കരോൾ ഗാന മത്സരം

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും ചേർന്ന് 2023 ഡിസംബർ 9 ശനിയാഴ്ച മേരിക്കുന്ന് പി.എം.ഒ.സിയിൽ വച്ച് കരോൾ ഗാന മത്സരം സംഘടിപ്പിച്ചു.

**വിജയികൾ**

1st പാറോപ്പടി ഇടവക

2nd മഞ്ഞക്കടവ് ഇടവക

3rd അശോകപുരം ഇടവക

പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ

## പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുനാൾ

ഡിസംബർ 8 ന് പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ തിരുനാൾ മംഗളങ്ങൾ നേർന്ന് സ്റ്റാറ്റസ് വീഡിയോ പോസ്റ്റ് ചെയ്തു.

## ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം

ക്രിസ്തുമസിനോട് അനുബന്ധിച്ച് ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തി. ഒരു ശാഖയിൽ നിന്നും ഒരു കാർഡ് വീതം നിർമ്മിച്ച് രൂപത ഓഫീസിൽ എത്തിച്ചു.

## CML റീജണൽ സമ്മേളനം

2023–24 വർഷത്തെ റീജണൽ സമ്മേളനം 2023 ഡിസംബർ 27 മുതൽ 2024 ഫെബ്രുവരി 10 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഡിസംബർ 27 തിരുവമ്പാടി, ഡിസംബർ 31 കൂരാച്ചുണ്ട്, ജനുവരി 2 പെരിന്തൽമണ്ണ, ജനുവരി 26 മരുതോങ്കര, ഫെബ്രുവരി 10 താമരശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് റീജണൽ സമ്മേളനം നടക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലയിൽ**

ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# തിരുബാലസഖ്യം

ക്രിസ്തുമസിന് ഒരുക്കമായി തിരുബാലസഖ്യം കുഞ്ഞുങ്ങൾ ചെറിയ ത്യാഗങ്ങളിലൂടെ പ്രാർത്ഥിച്ചു ഒരുങ്ങുകയും ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കുവാനായി സുകൃതമഞ്ജരിയിലെ സുകൃതങ്ങൾ ഓരോ ദിനവും കൃത്യമായി ചെയ്യുകയും ചെയ്തു.

തിരുബാല സഖ്യത്തിലെ ഏറ്റവും ചെറിയ കുഞ്ഞുങ്ങൾ (ബൈബിൾ നഴ്സറി വിഭാഗം) ഡിസംബർ മാസത്തിലെ ദിനങ്ങളിൽ ക്രിസ്മസ് ചിന്തകൾ പങ്കുവെക്കുന്ന സ്റ്റാറ്റസ് വീഡിയോ (നുറുങ്ങു വെട്ടം) ഗ്രൂപ്പിൽ നൽകിയത് വ്യത്യസ്തമായ അനുഭവമായി.

രൂപതയിൽ നിന്നും നൽകുന്ന ജീസസ് ടോക് എന്ന പ്രോഗ്രാമിൽ ഡിസംബർ മാസത്തിൽ കുഞ്ഞുങ്ങൾക്കായി ക്രിസ്തുമസ് കഥകൾ നൽകി.

2023 വർഷം നമ്മളെ കടന്നുപോകുമ്പോൾ കഴിഞ്ഞ വർഷം ലഭിച്ച നന്മകൾ ഓർക്കുകയും 2024 വർഷം കൂടുതൽ നന്മ നിറഞ്ഞതായി തീരുവാൻ ആഗ്രഹിക്കുകയും ചെയ്യാം.

**ഫാ. ജോർജ്ജ് വെള്ളാരംകാലയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

**ആരാധനാവത്സര കലർ 2024**

ലിറ്റർജി കമ്മീഷൻ രൂപതാ പാസ്റ്ററൽ സെന്ററിന്റെ (PMOC) സഹകരണത്തോടെ തയ്യാറാക്കിയ താമരശ്ശേരി രൂപത കലണ്ടർ 2024 ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി നൽകാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഓരോ ദിവസത്തെയും വിശുദ്ധ ഗ്രന്ഥ വായനകൾ തലേദിവസം കുടുംബ പ്രാർത്ഥനയ്ക്ക് ശേഷം വായിക്കാൻ കുടുംബാംഗങ്ങളെ പ്രോത്സാഹിപ്പിക്കണം.

**ഫീദെസ് ഫാമിലി ക്വിസ് 2024**

താമരശ്ശേരി രൂപത കലണ്ടറിന്റെ അടിസ്ഥാനത്തിൽ 'ഫീദെസ് ഫാമിലി ക്വിസ് 2024' എന്ന പേരിൽ ഈ വർഷവും ക്വിസ്മത്സരം സംഘടിപ്പിക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന ഈ മത്സരത്തിന്റെ ആദ്യഘട്ടത്തിൽ 100 ചോദ്യങ്ങൾ ആണുള്ളത്. ഈ ചോദ്യങ്ങൾ അടങ്ങിയ ക്യു ആർ കോഡ് 2024 സെപ്റ്റംബർ, ഒക്ടോബർ ലക്കത്തിലെ മലബാർ വിഷനിൽ പ്രസിദ്ധീകരിക്കും. താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം. ഓരോ കുടുംബവും ആണ് ഒരു ടീം. ഒരു കുടുംബത്തിൽ നിന്ന് കുറഞ്ഞത് രണ്ടു പേർക്കും കൂടിയത് മൂന്നുപേർക്കും ഇതിൽ സംബന്ധിക്കാം. താമരശ്ശേരി രൂപത കലണ്ടർ 2024 (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിങ്ങനെയാണ് ആദ്യഘട്ടത്തിലെ സിലബസ്. ആദ്യഘട്ടത്തിൽ ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് ഓരോ ഇടവകയിലെയും രണ്ടു ടീമുകളെ (കുടുംബങ്ങളെ) തിരഞ്ഞെടുക്കുന്നു. അവരാണ് ഫൈനൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഫൈനൽ മത്സരത്തിൽ പങ്കാളികളാകുന്നവർക്ക് Rs.15000 (CHEM Pharma, Calicut Road,Manjeri ) Rs.10000 (Fatima Druglines, Manjeri), Rs.5000 (Maruti Auto House, Manjeri) എന്ന രീതിയിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകുന്നതാണ്. കൂടാതെ പങ്കെടുക്കുന്നവർക്ക് നിരവധി പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്.

ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

**മർഗാനീസ ക്ലാസ് 2൦ം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ ഡിസംബർ മാസത്തിലെ ക്ലാസ് 16 ന് നടത്തി. 'നമ്മുടെ ആരാധനക്രമത്തിന്റെ സുറിയാനി ഭാഷാ പശ്ചാത്തലവും സ്വാധീനവും' എന്നതായിരുന്നു വിഷയം. ഈ ക്ലാസ് നയിച്ചത് ചങ്ങനാശ്ശേരി എസ്.ബി കോളേജിലെ സുറിയാനി ഭാഷാ പഠനവിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ബഹു. ജോൺ പ്ലാത്താനം അച്ചനാണ്. വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു. ഈ ക്ലാസ് നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിൽ, കോട്ടയ്ക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

**ക്ലാസ്**

IFEA യുടെ ആഭിമുഖ്യത്തിൽ ഡിസംബർ 2 ന് Food Literacy and Nutritions Councelling എന്നവിഷയത്തെ ആസ്പദമാക്കി ക്ലാസ് നടത്തപ്പെട്ടു.

**Face of the Face Less**

സെമിനാരി വിദ്യാർത്ഥികൾ ഡിസംബർ 9 ന് വൈകീട്ട് കോഴിക്കോട് കൈരളി തീയേറ്ററിൽ വച്ച് Face of the Face Less എന്ന ചലചിത്രം കണ്ടു.

**ക്രിസ്തുമസ് ആഘോഷങ്ങൾ**

ആഗതമാകുന്ന ക്രിസ്തുമസ്സിനോടനുബന്ധിച്ച് രണ്ടാംവർഷ വൈദിക വിദ്യാർത്ഥികൾ തയ്യറാക്കിയ ക്രിസ്തുമസ്സ് നക്ഷത്രം ഉയർത്തുകയും ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കുവാനായി മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾ തയ്യാറാക്കിയ സുകൃതമഞ്ജരി പ്രകാശനം ചെയ്തു. ഡിസംബർ 20 ന് അഭിവന്ദ്യ പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അന്ന് 6.30 യോടെ സെമിനാരിയിലെ ക്രിസ്തുമസ് ആഘോഷങ്ങൾ ആരംഭിച്ചു. സെമിനാരി വിദ്യാർത്ഥികൾ ചാവറ കോൺവെന്റിലേക്കും രൂപതാഭവനിലേക്കും ക്രിസ്തുമസ് കരോൾ നടത്തി. തുടർന്ന് എല്ലാവരും സെമിനാരി വിദ്യാർത്ഥികളുടെ ക്രിസ്തുമസ് പ്രോഗ്രാമിൽ പങ്കെടുത്തു. തദവസരത്തിൽ സെമിനാരി ഹോം ഡേ മത്സരങ്ങളിൽ വിജയികളായവർക്ക് അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകുകയും വൈദിക വിദ്യാർത്ഥികളുടെ കൈയെഴുത്തു മാസികയുടെ 'മഴവില്ല് 2023' പ്രകാശനം നടത്തി.

**മേജർ സെമിനാരി ഗാതറിങ്ങ്**

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന രൂപതയിലെ വൈദിക വിദ്യാർത്ഥികൾ ഡിസംബർ 22 ന് വൈകിട്ട് ഒരുമിച്ചുകൂടുകയും 23 ന് രാവിലെ അഭിവന്ദ്യ പിതാവ് അവർക്കുവേണ്ടി വി. കുർബാനയർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന മീറ്റിംങ്ങിൽ അഭി

വന്ദ്യ പിതാവിന് ക്രിസ്തുമസ് ആശംസകൾ നേരുകയും ക്രിസ്തുമസ് മംഗളങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും ചെയ്തു. തദവസരത്തിൽ അഭിവന്ദ്യ പിതാവ് മേജർ സെമിനാരി വിദ്യാർത്ഥികളുടെ രചനകളും വിശേഷങ്ങളും പങ്കുവയ്ക്കുന്ന 'സൗഹൃദം 2023' പ്രകാശനം ചെയ്തു.

**പരീക്ഷ, അവധി**

ഡിസംബർ 11 മുതൽ 19 വരെ സെമിനാരി വിദ്യാർത്ഥികളുടെ ക്രിസ്തുമസ് പരീക്ഷ നടത്തി. ഡിസംബർ 21 ന് അവധി ആരംഭിച്ചു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

---

## വിദ്യാഭ്യാസരംഗം

**പ്രധാനധ്യാപക യോഗവും ക്രിസ്തുമസ് ആഘോഷവും**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം 18/12/2023 തിങ്കളാഴ്ച് രാവിലെ 10 മണിക്ക് രൂപതാഭവൻ ഓഡിറ്റോറിയത്തിൽ രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. പുതിയവിദ്യാഭ്യാസനയം, വിദേശരാജ്യങ്ങളിലേയ്ക്കുള്ള യുവജനങ്ങളുടെ കുടിയേറ്റം എന്നിവ ചൂണ്ടികാണിച്ചുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത പിതാവ് പ്രധാനധ്യാപകരെ ഉദ്ബോധിപ്പിച്ചു. പാഠ്യപാഠ്യേതര മേഖലകളിൽ മികച്ചവിജയം നേടിയവരെയും നേതൃത്വം നൽകിയ പ്രധാനധ്യാപകരെയും പിതാവ് അഭിനന്ദിച്ചു. വർദ്ധിച്ചുവരുന്ന ലഹരിയുടെ പിടിയിൽനിന്നും പഠിതാക്കളെ സംരക്ഷിക്കേണ്ടതിനെക്കുറിച്ചും സൂചിപ്പിച്ചു. പ്രധാനധ്യാപക യോഗത്തോടനുബന്ധിച്ച് ക്രിസ്തുമസ് ആഘോഷവും നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് സ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ, അച്ചടക്കം നിലനിർത്തൽ, പൊതു പരീക്ഷകൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കൽ എന്നീ വിഷയ

ങ്ങൾ സംബന്ധിച്ച് പ്രധാനധ്യാപകർക്ക് നിർദ്ദേശം നൽകി. ഹെഡ് മാസ്റ്റേഴ്സ് & പ്രിൻസിപ്പാൾസ് ഫോറം പ്രസിഡണ്ട് ശ്രീ. വിപിൻ എം. സെബാസ്റ്റ്യൻ സ്വാഗതവും സെക്രട്ടറി ശ്രീ. ജേക്കബ് കോച്ചേരി നന്ദിയും പറഞ്ഞു.

**അധ്യാപക-അനധ്യാപക സംഗമവും യാത്രയയപ്പും**

ഈ വർഷത്തെ കോർപ്പറേറ്റുതല അധ്യാപക-അനധ്യാപക സംഗമവും സർവ്വീസിൽനിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും 2024 ഫെബ്രുവരി 10 ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയാ നവീകരണ കേന്ദ്രത്തിൽവെച്ച് നടത്തുന്നതാണ്. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും മറ്റ് വിശിഷ്ടാതിഥികളും പങ്കെടുക്കുന്ന ഈ പരിപാടിയിൽ കോർപ്പറേറ്റിനുകീഴിലുള്ള 1200 ഓളം വിദ്യാഭ്യാസ പ്രവർത്തകർ പങ്കെടുക്കും. യാത്രയയപ്പ് സമ്മേളനത്തിന്റെ ഭാഗമായി വിരമിക്കുന്നവർക്കുള്ള ഉപകാരങ്ങൾ സമ്മാനിക്കും. വിവിധ മേഖലകളിൽ മികവുതെളിയിച്ചവരെ ചടങ്ങിൽ ആദരിക്കും.

**കലാകായിക ശാസ്ത്രമേളകളിൽ മികച്ച വിജയം**

ഈ വർഷം ഉപജില്ല, റവന്യു ജില്ല, സംസ്ഥാന തലങ്ങളിൽ നടന്ന കായികമേളയിലും ശാസ്ത്രമേളകളിലും കോർപ്പറേറ്റ് സ്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും അഭിനന്ദനാർഹമായ വിജയം കൈവരിക്കുകയും ചെയ്തു. റവന്യു ജില്ലാതലംവരെയുള്ള കലാമേളകൾ പൂർത്തിയായപ്പോൾ എല്ലാ മേഖലയിലും എടുത്തുപറയേണ്ട മികവ് പുലർത്താൻ നമ്മുടെ സ്കൂളുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

**ഭിന്നശേഷി സംവരണം**

ബഹു. കോടതിയുടെയും സംസ്ഥാന സർക്കാറിന്റെയും നിർദ്ദേശപ്രകാരം നടപ്പാക്കുന്ന ഭിന്നശേഷി സംവരണനിയമന പ്രക്രിയയുടെ ഭാഗമായി 5 കാറ്റഗറികളിൽ ഭിന്നശേഷി നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട 15 പേർക്ക് ഇതിനോടകം സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

**പ്രധാനധ്യാപക നിയമനം**

അടുത്ത അദ്ധ്യയനവർഷം കോർപ്പറേറ്റ് സ്കൂളുകളിൽ ഉണ്ടാകാനിടയുള്ള പ്രധാനധ്യാപക ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന്

പൂർണ്ണയോഗ്യത നേടിയിട്ടുള്ള അധ്യാപകർ 20/01/2024 നു മുമ്പായി നിശ്ചിത മാതൃകയിൽ അപേക്ഷ നൽകേണ്ടതാണ്.

**ഹിന്ദി അധ്യാപകനിയമനം**

കോർപ്പറേറ്റ് സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപകരായി നിയമിക്കപ്പെടുന്നതിന് യോഗ്യത നേടിയവരിൽനിന്നും അപേക്ഷ സ്വീകരിച്ച്, ഇന്റർവ്യൂ അടക്കമുള്ള സെലക്ഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി.

**സ്കൂൾ കെട്ടിട അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം**

അടുത്ത അദ്ധ്യയനവർഷാരംഭത്തിന് മുമ്പായി സ്കൂൾ കെട്ടിടങ്ങൾക്ക് അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തേണ്ട സ്കൂളുകളിലെ പ്രധാനധ്യാപകർ ആയതിനുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശുപാർശ, വിശദമായ എസ്റ്റിമേറ്റ് എന്നിവ സഹിതം 31/01/2024 നുമുമ്പായി കോർപ്പറേറ്റ് ഓഴിസിൽ നൽകേണ്ടതാണ്.

**ആദരാഞ്ജലികൾ**

തിരുവമ്പാടി സേക്രഡ് ഹാർട്ട് യൂ.പി. സ്കൂളിൽ ഹിന്ദി അധ്യാപികയായി ദീർഘകാലം സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതം നയിച്ചിരുന്ന സി. ജാക്വിലിൻ മേരി സി.എം.സി. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട സിസ്റ്ററിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**Festive Fiesta 2023**

2023 ഡിസംബർ 23 ശനിയാഴ്ച വൈകുന്നേരം ജെ.പി.ഐ യിൽ വച്ചു നടത്തിയ ക്രിസ്തുമസ് ആഘോഷ പരിപാടിയിലേക്ക് ഫാ. ഡോ. കുര്യൻ പുരമഠം (ജെ.പി.ഐ. ഡയറക്ടർ) ഏവരേയും സ്വാഗതം ചെയ്തു. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്രിസ്തുമസ് ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ ക്രിസ്മസ് സന്ദേശം നല്കി. പാറോപ്പടി ഫൊറോന വികാരി ഫാ. ജോസഫ് കളരിയ്ക്കൽ, വാർഡ് കൗൺസിലർ മിസ്റ്റർ T.K. ചന്ദ്രൻ എന്നിവർ ക്രിസ്തുമസ് ആശംസകൾ നല്കി.

മേരിക്കുന്ന് മദർ തെരേസ ബ്രദേഴ്സിന്റെ നേതൃത്വത്തിലുള്ള 'മേഴ്സി ഹോം' വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്കും താമരശ്ശേരി രൂപതയിലെ 'കരുണാഭവൻ' വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്കും ക്രിസ്തുമസ് വിരുന്നൊരുക്കിയും, സമ്മാനങ്ങൾ നല്കി ആശംസകൾ നേർന്നുകൊണ്ടുമാണ് ജെ.പി.ഐ. വിദ്യാർത്ഥികൾ 2023 ലെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്.

ജെ.പി.ഐ. വിദ്യാർത്ഥികൾ ചേർന്നൊരുക്കിയ കലാവിരുന്നുകൾ ക്രിസ്തുമസ്സ് സന്ധ്യയ്ക്ക് നിറം ചാർത്തി. പ്രോഗ്രാം കോർഡിനേറ്റർ ഫാദർ ജോജി ജോസഫ് OfM cap. നന്ദിയർപ്പിച്ചു.

**അറിയിപ്പുകൾ**

- കൗൺസലിംഗ് സേവനം ലഭ്യമാണ്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാദർ കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങ് ഓഫ് ലൈനായും ഓൺലൈനായും നടത്തുന്നു.

കോഴ്സുകൾ:

രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി സഹ

കരിച്ച് കൗൺസലിംഗ് സൈക്കോളജിയിൽ രണ്ടു വർഷത്തെ മാസ്റ്റേഴ്സ് പ്രോഗ്രാം ഇവിടെ നടക്കുന്നു.

1. മാസ്റ്റേഴ്സ് ഇൻ കൗൺസലിംഗ് സൈക്കോളജി.

(ഓഫ് ലൈൻ)

2. മാസ്റ്റേഴ്സ് ഇൻ ഗൈഡൻസ് ആന്റ് കൗൺസലിംഗ്

(ഓൺലൈൻ)

2024–2026 വർഷത്തെ പുതിയ എം.എസ്.സി (ഓൺലൈൻ / ഓഫ്‌ലൈൻ), ബാച്ചുകളിലേക്കുള്ള രജിസ്ട്രേഷൻ ജനുവരിയിൽ ആരംഭിച്ചു.

കോഴ്സുകളെ കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവരും ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കുവാൻ താത്പര്യമുള്ളവരും കൗൺസലിംഗ് സേവനം ആവശ്യമുള്ളവരും ജെ.പി.ഐ. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ങീയ. ീ: 9496575018 / 9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട്

# എയ്ഡർ എഡ്യുകെയർ

## വിദ്യാപീഠം എൻറോളിങ് പുരോഗമിക്കുന്നു

വിദ്യാപീഠം എഡ്യൂക്കേഷണൽ പ്ലാറ്റ്ഫോമിലേക്ക് വിദ്യാർത്ഥികൾ പ്രവേശിച്ചു തുടങ്ങി. രൂപതയിലെ അഞ്ഞൂറോളം പ്ലസ് വൺ പ്ലസ്ടു വിദ്യാർത്ഥികൾ നിലവിൽ എൻറോളിങ് പൂർത്തിയാക്കുകയും സി.വി ക്രിയേറ്റ് ചെയ്യുകയും ചെയ്തു. ജനുവരി മുതൽ പ്ലസ് ടു വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് സെക്കന്റ് കോളിങ് ആരംഭിക്കുകയും ഗ്രൂപ്പിങ് പ്രൊസസിലേക്ക് കടക്കുകയും ചെയ്യും.

## എയ്ഡർ എഡ്യു കണക്ട് വെബ് ആപ്ലിക്കേഷൻ

കുട്ടികളുടെ പ്രൊഫയൽ വ്യൂ ചെയ്യാനും ട്രാക്ക് ചെയ്യാനും അവരുമായി നടത്തുന്ന ഓരോ കോളിലും വിദ്യാഭ്യാസപരമായ പെർഫോമൻസ് ലെവൽ രേഖപ്പെടുത്തി സൂക്ഷിക്കാനും വിഷമമുള്ള വിഷയ

ങ്ങൾ രേഖപ്പെടുത്താനും കരിയർ ചോയ്സസ് രേഖപ്പെടുത്താനും കോൾ ഹിസ്റ്ററി അടക്കം രേഖപ്പെടുത്തി സൂക്ഷിക്കാനും സാധിക്കുന്ന എഡ്യു കണക്ട് വെബ് ആപ്ലിക്കേഷൻ സിസ്റ്റേഴ്സിന് ലഭ്യമായി. ഓരോ ഫൊറോനയിൽ നിന്നും ഇടവകയിൽ നിന്നും എൻറോൾ ചെയ്യപ്പെടുന്ന കുട്ടികളുടെ വിവരങ്ങൾ ഈ പ്ലാറ്റ്ഫോമിൽ ലഭിക്കുന്നു.

**എയ്ഡർ ടീം മീറ്റ്**

ഡിസംബർ 6 ന് വൈകിട്ട് എയ്ഡർ ടീം മീറ്റ് ഓൺലൈനിൽ നടത്തുകയും വിലയിരുത്തുകയും എയ്ഡർ എഡ്യു – കണക്ടുമായി ബന്ധപ്പെട്ട സംശയനിവാരണം നടത്തുകയും ചെയ്തു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യുകെയർ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

**മക്കളില്ലാത്ത ദമ്പതിമാരുടെ സമ്മേളനം നടത്തി**

താമരശ്ശേരി മരിയൻ പ്രോ–ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മക്കളില്ലാത്ത ദമ്പതിമാരുടെ സംഘടനയായ സാറാസ് കപ്പിൾസ് ഫോറത്തിന്റെ രൂപതാതല സമ്മേളനം താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ ഹാളിൽ വച്ച് നടത്തപ്പെട്ടു. സമ്മേളനം രുപതാ അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ് ഘാടനം ചെയ്തു. സമ്മേളനത്തിൽ രൂപത പ്രസിഡൻറ് സജീവ് പുരയിടത്തിൽ  അധ്യക്ഷനായിരുന്നു. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രുപത സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങും തോട്ടത്തിൽ സ്വാഗതവും രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. തോമസ് പുത്തൻപുരയിൽ നന്ദിയും പറഞ്ഞു. തുടർന്ന് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ദമ്പതികൾക്ക് വചന സന്ദേശം നൽകി. തുടർന്ന് മഞ്ഞുവയൽ കാൽവരി ആശ്രമം ഡയറക്ടർ ഫാ. മരിയദാസ് കപ്പൂച്ചിൻ ആന്തരിക സൗഖ്യ ശുശ്രൂഷ നടത്തി. അതിനുശേഷം സി. ഡോ. സ്മൃതി എം എസ് ജെ

ദമ്പതികൾക്ക് വന്ധ്യത നിവാരണത്തെ സംബന്ധിച്ച് ക്ലാസ്സ് നടത്തു കയും ദമ്പതിമാരുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങൾ നൽകുകയും ചെയ്തു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നാ യി നാല്പതോളം ദമ്പതിമാർ പങ്കെടുത്തു. രൂപത ആനിമേറ്റർ സി സ്റ്റർ മെറിൻ എസ് എച്ച്, രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. മാർട്ടിൻ തെങ്ങുംതോട്ടത്തിൽ തങ്കച്ചൻ പുരയിടത്തിൽ ശ്രീമതി സിമി ലി സുനിൽ അറക്കപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**പ്രോ-ലൈഫ് നിർമ്മിച്ചു നൽകിയ വീടിന്റെ വെഞ്ചരിപ്പും താക്കോൽദാന കർമ്മവും നടത്തി**

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമു ഖ്യത്തിൽ തിരുവമ്പാടി ഇടവകയിൽ 5 മക്കളുള്ള കുടുംബത്തിന് വീട് നിർമ്മിച്ച് താക്കോൽദാന കർമ്മം നടത്തി. മരിയൻ പ്രോ-ലൈഫ് പ്രവർത്തകനായ ശ്രീ. വിനോദ് വെട്ടത്ത് ദാനമായി നൽകിയ അഞ്ച് സെൻറ് സ്ഥലത്ത് ശ്രീ. ബെന്നി പുളിക്കേക്കര, ഷെറിൻ ബെന്നി എന്നിവരുടെ കീഴിൽ പ്രവർത്തിക്കുന്ന സംഘടനയായ ഷെറിൻ ഫൗണ്ടേഷനും താമരശ്ശേരി മരിയൻ ലൈഫും ചേർന്ന് നിർമ്മിച്ച് നൽകിയ വീടിന്റെ താക്കോൽദാന കർമ്മവും വീട് വെഞ്ചരിപ്പും താ മരശ്ശേരി രൂപതാ അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. തിരുവമ്പാടി ഫൊറോന വികാരി ഫാദർ തോമസ് നാഗപറമ്പിൽ താമരശ്ശേരി രൂപത പ്രോ-ലൈഫ് ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപത പ്രസിഡൻറ് ശ്രീ. സജീവ് പുരയിടത്തിൽ ഏവർക്കും വീടിന്റെ നിർ മ്മാണ പ്രവർത്തനങ്ങൾക്ക് സഹായം നൽകിയവരെ സദസ്യർക്ക് പരിചയപ്പെടുത്തുകയും മരിയൻ പ്രോലൈഫിന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. വീടിന് സൗജന്യമായി സ്ഥ ലം നൽകിയ ശ്രീ. വിനോദ് വെട്ടത്തിനെ അതുപോലെതന്നെ വീട് നിർമ്മാണത്തിന് 9 ലക്ഷം രൂപ നൽകിയ ഷെറിൻ ഫൗണ്ടേഷൻ സാ രഥികളായ ശ്രീ. ബെന്നി മാത്യു പുളിക്കേക്കരെയും ഷെറിൻ ബെന്നി യെയും പൊന്നാട അണിയിച്ച് ആദരിക്കുകയും ഉപഹാരങ്ങൾ നൽകു കയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം ഡിജിറ്റൽ മാർക്കറ്റിംഗിലേക്ക്

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ ആഭിമുഖ്യത്തിൽ സമരിയ ആപ്പ് എന്ന ഡിജിറ്റൽ മാർക്കറ്റിംഗ് സിസ്റ്റം ഇൻഫാം ദേശീയ രക്ഷാധികാരി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ആവശ്യക്കാർക്ക് വാങ്ങുവാനും വിൽക്കുവാനുമാണ് ഡിജിറ്റൽ മാർക്കറ്റിങ്ങിലൂടെ ഉദ്ദേശിക്കുന്നത് എന്ന് ബിഷപ്പ് പറഞ്ഞു. കൂരാച്ചുണ്ട് ഫൊറോനയിൽ പൈലറ്റ് പ്രോജക്ട് ആയി ആരംഭിക്കുന്ന ഈ മാർക്കറ്റിംഗ് സിസ്റ്റം താമസിയാതെ രൂപത മുഴുവനിലും ഭാവിയിൽ കേരളം മുഴുവനും നടപ്പിൽ വരുത്താനാണ് ഇൻഫാം ആഗ്രഹിക്കുന്നതെന്ന് ഉദ്ഘാടന വേളയിൽ ബിഷപ്പ് അറിയിച്ചു. കൂരാച്ചുണ്ടിൽ വച്ച് നടന്ന സമ്മേളനത്തിൽ ഇൻഫാം സംസ്ഥാന സെക്രട്ടറി ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷനായിരുന്നു. ഇൻഫാം സംസ്ഥാന അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, കൂരാച്ചുണ്ട് ഫൊറോനാ വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ, സമരിയ ആപ്പ് സിഇഒ മധു ആഗസ്റ്റിൻ, ശ്രീ. ബിജോയ് എന്നിവർ പ്രസംഗിച്ചു. കൂരാച്ചുണ്ട് ഫൊറോനയിലെ വിവിധ ഇടവകകളിൽനിന്നായി നൂറോളം പ്രതിനിധികളും മാധ്യമ പ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുത്തു.

## കർഷക അതിജീവന യാത്രയിൽ പങ്കെടുത്തു

കാസർഗോട്ടു നിന്ന് തിരുവനന്തപുരം വരെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ച് എ.കെ.സി.സി സംഘടിപ്പിച്ച കർഷക അതിജീവന യാത്രയിൽ കേന്ദ്ര, സംസ്ഥാന ഇൻഫാം ഭാരവാഹികളും അംഗങ്ങളും പങ്കെടുത്തു. കർഷക അതിജീവന യാത്രയ്ക്ക് കോടഞ്ചേരിയിൽ വച്ച് നടത്തപ്പെട്ട സ്വീകരണത്തിൽ ഇൻഫാം സംസ്ഥാന അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽകോടഞ്ചേരി കാർഷിക ജില്ല പ്രസിഡൻറ് സെബാസ്റ്റ്യൻ ചേംപ്ലാനി എന്നിവർ ചേർന്ന് ജാഥ ക്യാപ്റ്റൻ അഡ്വക്കേറ്റ് ബിജു പറയംനിലത്തെ സ്വീകരിക്കുകയും ഡയറക്ടർ ക്രിസ്ത്യൻ സമുദായത്തിന്റെയും കർഷകരുടെയും വിവിധങ്ങളായ ആവശ്യങ്ങളെ അധികരിച്ച് പ്രസം

ഗിക്കുകയും ചെയ്തു. തിരുവമ്പാടിയിൽ വച്ച് നടന്ന രൂപതാതല സമ്മേളനത്തിൽ ഇൻഫാം സംസ്ഥാന സെക്രട്ടറി അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ ഇൻഫാമിനെ പ്രതിനിധീകരിച്ച് സംസാരിച്ചു. എ.കെ.സി.സി കാസർകോട്ട് നിന്ന് കർഷകരുടെയും ക്രൈസ്തവരുടെ വിവിധ സാമുദായിക സംവരണങ്ങളും ആനുകൂല്യങ്ങളും സാധിച്ചു കിട്ടുന്നതിനുവേണ്ടിയും വന്യമൃഗശല്യം, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് എന്നിവയെ സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ടി സംഘടിപ്പിച്ച അതിജീവന യാത്രയ്ക്കിടയിൽ താമരശ്ശേരി കാർഷിക ജില്ലയിലെ വിവിധ കാർഷിക ഗ്രാമങ്ങളിൽ നിന്ന് നൂറുകണക്കിന് ഇൻഫാം പ്രവർത്തകർ ഐക്യദാർഢ്യം പ്രഖ്യാപിച്ച് പങ്കെടുത്തു.

**ഇൻഫാം എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഇൻഫാം താമരശ്ശേരി കാർഷിക ജില്ല എക്സിക്യൂട്ടീവ് മീറ്റിംഗ് തെയ്യപ്പാറ അഗ്രിഫാമിൽ വച്ച് നടത്തപ്പെട്ടു. ഇൻഫാം നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളെ യോഗം വിലയിരുത്തി. പുതുതായി ഇൻഫാമും സമരിയ ആപ്പും ചേർന്ന് ആരംഭിച്ച ഡിജിറ്റൽ മാർക്കറ്റിങ്ങിന്റെ വിവിധങ്ങളായ സാധ്യതകളെക്കുറിച്ച് യോഗത്തിൽ പങ്കെടുത്തവർ അവരുടേതായ അഭിപ്രായങ്ങൾ പറഞ്ഞു. മീറ്റിങിനു ശേഷം തെയ്യപ്പാറ അഗ്രിഫാമിൽ ഇൻഫാം നടത്തിയ മത്സ്യകൃഷിയുടെ വിളവെടുപ്പും നടത്തി. ഇൻഫാമിന്റെ ഡിജിറ്റൽ മെമ്പർഷിപ്പ് കാർഡ് എത്രയും വേഗം മെമ്പർമാർക്ക് നൽകുന്നതിന് വേണ്ടുന്ന ക്രമീകരണങ്ങൾ നടത്താൻ യോഗം തീരുമാനിച്ചു. താമരശ്ശേരി കാർഷിക ജില്ലയിൽ നിന്ന് ദേശീയ സംസ്ഥാന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവരെ യോഗം അഭിനന്ദിച്ചു. ദേശീയ എക്സിക്യൂട്ടീവ് മെമ്പർ ആയി കാർഷിക ജില്ല സെക്രട്ടറി ശ്രീ. ജോൺ കുന്നത്തേട്ടിനെയും സംസ്ഥാന അസിസ്റ്റൻറ് ഡയറക്ടറായി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിലിനെയും സംസ്ഥാന സെക്രട്ടറിയായി കാർഷിക ജില്ല പ്രസിഡൻറ് അഗസ്ത്യൻ പുളിക്കകണ്ടത്തിലിനെയും ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിയമിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# യൂദിത്ത് ഫോറം

**യൂദിത്ത് ഫോറം ക്രിസ്മസ് ആഘോഷിച്ചു**

വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ തിരുവാമ്പാടി മരിയാപുരം ഫൊറോനകളിൽ ക്രിസ്തുമസ് ആഘോഷിച്ചു.

തിരുവമ്പാടി ഫൊറോനയിലെ വിധവകളുടെ സംഗമത്തിൽ യൂദിത്ത് ഫോറം രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. തിരുവമ്പാടി ഫൊറോനവികാരി ഫാ. തോമസ് നാഗപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സി.എം.സി പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ പവിത്ര മുഖ്യാതിഥിയായിരുന്നു. രൂപത ആനിമേറ്റർ സി റെനി സി.എം.സി രൂപത പ്രസിഡൻറ് ശ്രീമതി മേരി പൗലോസ് എന്നിവർ പ്രോഗ്രാമിന് ആശംസകൾ അർപ്പിച്ചു. സി.എം.സി പ്രൊവിൻസിലെ ബഹുമാനപ്പെട്ട സന്യാസിനിമാർ പ്രോഗ്രാമിന് നേതൃത്വം നൽകി. അംഗങ്ങളുടെ പ്രസംഗമത്സരവും സംഗീത മത്സരവും നടത്തപ്പെട്ടു വിജയിച്ചവർക്ക് രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും സി.എം.സി സന്യാസിമാർ ക്രിസ്മസ് സമ്മാനങ്ങളും സ്വാദിഷ്ഠമായ ഉച്ചഭക്ഷണവും നൽകുകയും ചെയ്തു സമ്മേളനത്തിൽ നൂറിൽപരം വിധവകൾ പങ്കെടുത്തു.

യുദിത്ത് ഫോറത്തിന്റെ മരിയാപുരം ഫൊറോനാ സംഗമം ഫൊറോനാ വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ ഉദ്ഘാടനം ചെയ്തുഫൊറോന ആനിമേറ്റർ സി. ഗീത സി.എം.സി അധ്യക്ഷയായിരുന്നുഫൊറോന അസിസ്റ്റൻറ് വികാരി ഫാദർ പയസ്സ് എം.എസ്.എഫ്.എസ് മുഖ്യാതിഥിയായിരുന്നു വിധവകളുടെ വിവിധങ്ങളായ കലാപരിപാടികൾ ഉണ്ടായിരുന്നു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും ഫാ. ജെയിംസ് വാമറ്റത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്ന് നൂറോളം പേർ പ്രോഗ്രാമിൽ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം

# കെസിവൈഎം എസ്എംവൈഎം

**യൂത്ത് കൺഫെഷൻ**

സംസ്ഥാനത്തിന് പുറത്തും വിവിധ ഇടങ്ങളിലുമായി പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന യുവജനങ്ങൾക്ക് അവധിക്ക് എത്തുമ്പോൾ കുമ്പസാരിക്കാൻ അവസരം ഒരുക്കിക്കൊണ്ട് യൂത്ത് കൺഫെഷൻ പ്ലാറ്റ്ഫോം ക്രമീകരിച്ചു നൽകി. രൂപതയിലെ വിവിധ പതിനൊന്ന് സന്യാസ ആശ്രമങ്ങൾ കേന്ദ്രീകരിച്ച് ഡിസംബർ ഇരുപത്തിനാലാം തിയ്യതി വി. കുമ്പസാരത്തിന് സൗകര്യമൊരുക്കി. നൂറോളം യുവജനങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തി. ഈസ്റ്റർ, പൂജാവധി, ഓണം എന്നീ സമയങ്ങളിലും ഇത്തരത്തിൽ കുമ്പസാര വേദികൾ ക്രമീകരിച്ച് നൽകുന്നതാണ്. എല്ലാ സഹകരണങ്ങളും നൽകുന്ന സന്യാസ വൈദികർക്കും സുപ്പീരിയർമാർക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

**കോടഞ്ചേരി സെന്റ് മേരീസ് സ്കൂളുമായി ചേർന്ന് ക്രിസ്തുമസ് പൊതിച്ചോറ് വിതരണം**

കോടഞ്ചേരി സെന്റ് മേരീസ് സ്കൂളിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ എത്തിച്ചു നൽകിയ അഞ്ഞൂറോളം പൊതിച്ചോറുകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ വിതരണം നടത്തി. ഡിസംബർ 19ന് സ്കൂൾ പ്രിൻസിപ്പൽ സി. ഹെലന്റെ എഫ്.സി.സി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഭക്ഷണപൊതികൾ ക്രിസ്തുമസിനോട് അനുബന്ധിച്ച് വിതരണംചെയ്തു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം റിച്ചാൾഡ് ജോൺ, രൂപത സെക്രട്ടറി മെൽറ്റോ എന്നിവർ അതിന് നേതൃത്വം നൽകി.

**കൺഫെഷൻ വീഡിയോ പ്രകാശനം ചെയ്തു**

യുവജനങ്ങളുടെ ഇടയിൽ വിശുദ്ധ കുമ്പസാരം മുടങ്ങുന്ന സാഹചര്യത്തെ അതിജീവിക്കാനും തിരുത്താനും ഉദ്ദേശിച്ച് എല്ലാ മാസവും വി. കുമ്പസാരം നടത്താൻ ചലഞ്ച് ചെയ്യുന്ന വീഡിയോ

പ്രസിദ്ധീകരിച്ചു. മുതുകാട് സ്വദേശി മെൽവിൻ എഡിറ്റിങ് നടത്തിയ വീഡിയോയുടെ ഷൂട്ടിങ് അമൽ ചെട്ടിപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടത്തി. മീഡിയാ വിങ് ഇൻചാർജ്ജ് റിച്ചാൾഡ് ജോൺ എല്ലാത്തിനും നേതൃത്വം നൽകി.

**സാന്താ സോയ്റെ ലോഗോ റിലീസ്**

സാന്താ സോയ്റെ – ക്രിസ്തുമസ് യുവജന സംഗമത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം ഡിസംബർ 12 ന് താമരശ്ശേരി മേരീ മാതാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെച്ച് രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. രൂപത പ്രസിഡന്റ് അഭിലാഷ്, ജനറൽ സെക്രട്ടറി ജസ്റ്റിൻ സൈമൺ, മറ്റ് രൂപത സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. സാഞ്ചോ സണ്ണിയാണ് ലോഗോ രൂപകൽപ്പന ചെയ്തത്.

**യൂത്ത് കൂട്ടം– കോഴിക്കോട് കടപ്പുറം**

സാന്താ സോയ്റെ യുവജന സംഗമത്തിന്റെ പ്രൊമോഷന്റെ ഭാഗമായി കോഴിക്കോട് കടപ്പുറത്ത് ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. മാങ്കാവ്, പാറോപ്പടി ഇടവകയിലെ യുവതികളുടെ നേതൃത്വത്തിലാണ് നൃത്തം ക്രമീകരിച്ചത്. റിച്ചാൾഡ് ജോൺ നേതൃത്വം നൽകി. പാറോപ്പടി ഫൊറോനയിലെ യുവജനങ്ങളും രൂപത സമിതിയംഗങ്ങളും നേതൃത്വം നൽകി.

**ഫെയ്സ് ഓഫ് ദ ഫെയ്സ് ലെസ് പ്രൊമോഷൻ**

സി. റാണി മരിയയുടെ ജീവിതം വിളിച്ചോതുന്ന ചലച്ചിത്രത്തിന്റെ പ്രൊമോഷൻ നടത്തി. മുക്കം തിയേറ്ററുകളിലേക്ക് ആവശ്യക്കാർക്ക് ടിക്കറ്റുകൾ ക്രിമീകരിച്ചു.

**പാപ്പാ ഡ്രസ് വിതരണം**

ക്രിസ്തുമസിനോട് അനുബന്ധിച്ച് ഇടവകകളിലേക്കും സ്ഥാപനങ്ങളിലേക്കും സാന്താക്ലൗസ് ഡ്രസുകൾ ഓർഡർ അനുസരിച്ച് വിതരണം നടത്തി. കുറഞ്ഞ വിലയിൽ മികച്ച വസ്ത്രം ലഭ്യമാക്കാൻ ഇതിലൂടെ സാധിച്ചു.

**മറ്റ് പരിപാടികൾ**

1. ഡിസംബർ 18 ന് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയുടെ ജൻമദിനം ആഘോഷിച്ചു.

2. പാറോപ്പടി മേഖലയുടെ കീഴിൽ ഡിസംബർ 17 ന് ക്രിസ്തുമസ് ടൗൺ കരോൾ സംഘടിപ്പിച്ചു. കോഴിക്കോട് രൂപത കെ.സി.വൈ.എം. മായി സഹകരിച്ച് നടത്തിയ പരിപാടി വെള്ളിമാടുകുന്ന് ലാറ്റിൻ പള്ളിയിൽ സമാപിച്ചു.
3. ഭിന്നശേഷി ദിനത്തോട് അനുബന്ധിച്ച് പുല്ലൂരാംപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് നടത്തുകയും തുക ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിനായി നൽകുകയും ചെയ്തു.

**മേഖല സെനറ്റുകൾ**

രൂപതയിലെ പതിനൊന്ന് മേഖലകളിലെയും സെനറ്റ് യോഗവും മേഖല സമിതി തിരഞ്ഞെടുപ്പും പൂർത്തിയായി. നേതൃത്വം നൽകിയ മേഖല ഡയറക്ടറച്ചൻമാർക്കും അനിമേറ്റർമാർക്കും മുൻ സമിതി അംഗങ്ങൾക്കും യൂണിറ്റുകളിൽ തിരഞ്ഞെടുപ്പ് നടത്തുവാൻ മുൻകൈയ്യെടുത്ത എല്ലാ വികാരിയച്ചൻമാർക്കും അനിമേറ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

**2024 വർഷത്തെ മേഖല ഭാരവാഹികൾ**

**വിലങ്ങാട് മേഖല**

പ്രസിഡന്റ് : ജോബിൻ ജെയിംസ്
വൈസ് പ്രസിഡന്റ് : ജിലു എലിസബത്ത് രാജു
സെക്രട്ടറി : ജിബിൻ സിബി
ജോയിന്റ് സെക്രട്ടറി : സാന്ദ്ര കൂലിപ്പറമ്പിൽ
ട്രഷറർ : രാഹുൽ ഷാജി

**മരുതോങ്കര മേഖല**

പ്രസിഡന്റ് : അബിൻ വെമ്പാല
വൈസ് പ്രസിഡന്റ് : ആൻസിലിൻ തടത്തിൽ
സെക്രട്ടറി : ലിറ്റോ തോമസ്
ജോയിന്റ് സെക്രട്ടറി : മറീന കപ്പലുമാക്കൽ
ട്രഷറർ : ആൽബർട്ട് നെടുമല

**കൂരാച്ചുണ്ട് മേഖല**

പ്രസിഡന്റ് : ലിയോ രാജു
വൈസ് പ്രസിഡന്റ് : അതുല്യ ബെന്നി
സെക്രട്ടറി : ജോയൽ കുര്യൻ

ജോയിന്റ് സെക്രട്ടറി : ബ്രിയന്ന ദേവസ്യ,
ട്രഷറർ : ഡെന്നി കെ. വി

**കോടഞ്ചേരി മേഖല**

പ്രസിഡന്റ് : ജിതിൻ രാജൻ
വൈസ് പ്രസിഡന്റ് : ലിനറ്റ് ജെ ഷാജി
സെക്രട്ടറി : ഷാരോൺ ഷാജി
ജോയിന്റ് സെക്രട്ടറി : അന്ന മോൾ തോമസ്
ട്രഷറർ : ആൽബിൻ പോൾസൺ

**താമരശ്ശേരി മേഖല**

പ്രസിഡന്റ് : അഞ്ചൽ കെ ജോസഫ് കരിപ്പുക്കാട്ടിൽ
വൈസ് പ്രസിഡന്റ് : ആൻ മേരി ജോർജ് കൊച്ചുതൊട്ടിയിൽ
സെക്രട്ടറി : ക്രിസ്റ്റിൻ ടോം തട്ടുങ്കൽ
ജോയിന്റ് സെക്രട്ടറി : ബെലിൻഡ ഷാരോൺ കൊല്ലംപറമ്പിൽ
ട്രഷറർ : അലൻ ജോർജ് വലക്കമറ്റം

**പറോപ്പടി മേഖല**

പ്രസിഡന്റ് : ജോഫിൻ ജോസഫ്
വൈസ് പ്രസിഡന്റ് : അന്നമറിയ റോയ്
സെക്രട്ടറി : റോഷൻ ജിതേഷ്
ജോയിന്റ് സെക്രട്ടറി : അതുല്യ റോയ്
ട്രഷറർ : ആഗ്നൽ സ്റ്റാർവിൻ

**തോട്ടുമുക്കം മേഖല**

പ്രസിഡന്റ് : ജിബിൻ പാലക്കീൽ
വൈസ് പ്രസിഡന്റ് : ആൻ മേരി ഷിബു
സെക്രട്ടറി : ഫെബിൻ ജോർജ്
ജോയിന്റ് സെക്രട്ടറി : സാന്ദ്ര ബേബി
ട്രഷറർ : നിമിൽ മാത്യു കുരിശുമൂട്ടിൽ

**തിരുവമ്പാടി മേഖല**

പ്രസിഡന്റ് : അജിത് അഗസ്തി
വൈസ് പ്രസിഡന്റ് : അൽവീന
സെക്രട്ടറി : ജിന്റോ വി ജോസ്

ജോയിന്റ് സെക്രട്ടറി : അഹന, നിമിഷ റോയ്
ട്രഷറർ : റിൻസ് ജോസഫ്

**കരുവാരകുണ്ട് മേഖല**

പ്രസിഡന്റ് : ജെഫിൻ തോമസ്
വൈസ് പ്രസിഡന്റ് : ആൻ ലിസ ജോർജ്
സെക്രട്ടറി : ആഷ്‌ലിൻ കെ ബെന്നി
ജോയിന്റ് സെക്രട്ടറി : സനൽ ജോസഫ്
ട്രഷറർ : അലൻ ജിമ്മി

**പെരിന്തൽമണ്ണ മേഖല**

പ്രസിഡന്റ് : അമൽ ജോയ്
വൈസ് പ്രസിഡന്റ് : ലേറ്റിഷ ജോഷി
സെക്രട്ടറി : അലക്സ് ജോജോ
ജോയിന്റ് സെക്രട്ടറി : ഷിനു കടുത്താനം
ട്രഷറർ : ജോജി എസ്. എസ്

**മലപ്പുറം മേഖല**

പ്രസിഡണ്ട് : ലിജോ ആന്റണി
വൈസ് പ്രസിഡണ്ട് : അഞ്ജലി രാജു
സെക്രട്ടറി : അലൻ റോബൻ
ജോയിന്റ് സെക്രട്ടറി : എലൈൻ ഷാജു
ട്രഷറർ : ജോയൽ കെ ഷാജു

**അറിയിപ്പുകൾ**

**1. രൂപത സെനറ്റ് സമ്മേളനം**

രൂപത സെനറ്റ് സമ്മേളനം 2024 ജനുവരി 2 ന് മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. എല്ലാ മേഖല സമിതി അംഗങ്ങളും മേഖല ഡയറക്ടറച്ചൻമാരും ആനിമേറ്റർമാരും പങ്കെടുക്കുമല്ലോ.

**2. ആനിമേറ്റേഴ്സ് മീറ്റ്**

ജനുവരി 13 രണ്ടാം ശനിയാഴ്ച അനിമേറ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ

ചാലക്കര യുവജന മിനിസ്ട്രിയെ സംബന്ധിച്ച് ഫോർമേഷൻ നൽകുന്നതായിരിക്കും. എല്ലാ യൂണിറ്റ്, മേഖല ആനിമേറ്റേഴ്സും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലയിൽ**
ഡയറക്ടർ, കെസിവൈഎം–എസ്എംവൈഎം

---

# കത്തോലിക്കാ കോൺഗ്രസ്

**കത്തോലിക്ക കോൺഗ്രസ് യൂത്ത് വാക്ക് വിത്ത് മദർ തെരേസ 2023 ദശദിന കാരുണ്യോത്സവം**

ജീവകാരുണ്യ പ്രവർത്തനരംഗത്തെ മദർ തെരേസയുടെയും ക്രൈസ്തവ സമൂഹത്തിന്റെയും വിലയേറിയ സേവനങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും അതിന്റെ പ്രവർത്തനങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുന്ന വിധത്തിലുള്ള ഒരു പൊതുബോധം സൃഷ്ടിക്കാനും ലക്ഷ്യം വെച്ച് കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായം നൽകുകയും ചെയ്തു. രൂപതതല ഉദ്ഘാടനം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. മുക്കം സാൻജോ ഭവനിൽ നടന്ന യോഗത്തിൽ രൂപതാ പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷനായിരുന്നു.

താമരശ്ശേരി രൂപതയിലെ വിവിധ സ്ഥാപനങ്ങളിലേക്ക് യൂത്ത് കൗൺസിൽ അംഗങ്ങൾ സഹായഹസ്തവുമായി കടന്നു ചെന്നു. യൂത്ത് കൗൺസിൽ രൂപത കോർഡിനേറ്റർമാരായ ഷാന്റോ തോമസ്, ജോമോൻ മതിലകത്ത്, അമൽ, സർജു, ജസ്റ്റിൻ, റിജോ എന്നിവർ നേതൃത്വം നൽകി.

**PSC പരിശീലന കളരി**

സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ മരഞ്ചാട്ടി യൂണിറ്റ് ഡയറക്ടർ ബഹു. ഷെനീഷ്

താന്നിക്കൽ അച്ചന്റെ നേതൃത്വത്തിൽ ആ ഇടവകയിലെ വേദപാഠം അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് 100 മണിക്കൂർ നീണ്ടുനിൽക്കുന്ന PSC പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചു. മരഞ്ചാട്ടി ഇടവകയിലെ റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥരും അധ്യാപകരും ഈ പരിശീലന പരിപാടികൾക്ക് TRAINERS ആയി പ്രവർത്തിച്ചു.

**National Youth Conference - NYC**

കാക്കനാട് മൗണ്ട് സെൻറ് തോമസിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ സംഘടിപ്പിച്ച NYC യിൽ താമരശ്ശേരി അടക്കം വിവിധ രൂപതകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 70 യൂത്ത് കോർഡിനേറ്റർമാർ പങ്കെടുത്തു.

**അതിജീവന യാത്ര**

വന്യമൃഗശല്യത്തിനുള്ള പരിഹാരം, കാർഷിക ഉൽപ്പന്നങ്ങളുടെ വില തകർച്ച, ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെയും സമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തിയ അതിജീവന യാത്രയ്ക്ക് താമരശ്ശേരി രൂപതയിൽ സ്വീകരണം നൽകി.

1. ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കുക.
2. വന്യമൃഗ ആക്രമണത്തിന് ഉടൻ പരിഹാരം ഉണ്ടാക്കുക
3. നെല്ല്, തേങ്ങ, റബ്ബർ തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾക്ക് മതിയായ വില ഉറപ്പാക്കുക.
4. മതന്യൂനപക്ഷങ്ങളിലെ പ്രബല ന്യൂനപക്ഷത്തിൽനിന്നുള്ള മന്ത്രിമാരാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് തുടർച്ചയയായി കൈകാര്യം ചെയ്യുന്നത്. അതിനു പകരം വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുക്കുകയോ ഇതുവരെ പ്രാതിനിധ്യം കിട്ടിയിട്ടില്ലാത്ത ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒരു മന്ത്രിയെ വകുപ്പ് ഏൽപ്പിക്കുകയോ ചെയ്യണം.
5. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ചെയർമാൻ ഒരു സമുദായത്തിൽ നിന്നും ഒരംഗം മറ്റൊരു സമുദായത്തിൽ നിന്നും ആക

ണമെന്നും. മൂന്നാമത്തെ അംഗം വനിതായാകണമെന്നുമുള്ള കമ്മീഷൻ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന നിയമം പുനഃസ്ഥാപിക്കുക.

6. ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷനിൽ നടക്കുന്ന ക്രൈസ്തവ വിവേചനം അവസാനിപ്പിക്കുക.

7. നിലവിലെ ഇ.ഡബ്ല്യു.എസ് മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.

8. കേന്ദ്രസർക്കാരിന്റെ ഇ.ഡബ്ല്യു.എസ് മാനദണ്ഡങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാർ 2022 സെപ്തംബർ 19 ന് ഫ്രീ. 43011/11/2022 Estt. (Res-Il) പ്രകാരം പുറത്തിറക്കിയ സ്പഷ്ടീകരണം സംസ്ഥാന സർക്കാർ നടപ്പിലാക്കുക.

9. ന്യുനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുക.

10. വിദ്യാഭ്യാസ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ക്രൈസ്തവ സമുദായത്തിന്റെ സംഭാവനകളെ തമസ്കരിക്കുന്ന പാഠ്യപദ്ധതി പിൻവലിക്കുക.

11. ഞായറാഴ്ചകൾ പ്രവർത്തി ദിനമാക്കുന്ന വിധത്തിലുള്ള ഉത്തരവുകൾ ഒഴിവാക്കുക.

തുടങ്ങിയ ശക്തമായ ആവശ്യങ്ങൾ അതിജീവന യാത്രയിൽ ഉടനീളം കത്തോലിക്ക കോൺഗ്രസ് മുൻപോട്ടു വച്ചു.

താമരശ്ശേരി രൂപതയിൽ തിരുവമ്പാടി, തോട്ടുമുക്കം, പെരിന്തൽമണ്ണ എന്നിവിടങ്ങളിലാണ് അതുമായി ബന്ധപ്പെട്ട സമ്മേളനങ്ങൾ സംഘടിപ്പിച്ചു. തിരുവമ്പാടിയിൽ നടന്ന രൂപതാതല ഉദ്ഘാടന സമ്മേളനം കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് കൂടെയായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിന് കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡൻറ് ഡോക്ടർ ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. എല്ലാ സമ്മേളനങ്ങളിലും സമുദായ അംഗങ്ങൾ ആത്മാർത്ഥമായി പങ്കെടുത്തു. കോട ഞ്ചേരി, നെല്ലിപ്പോയിൽ, പുല്ലൂരാംപാറ, മരഞ്ചാട്ടി, ചുണ്ടത്തുംപൊയിൽ, മഞ്ചേരി എന്നിവിടങ്ങളിൽ ജാഥ ക്യാപ്റ്റന് സ്വീകരണം നൽകി.

അതിജീവന യാത്ര ഒരു വിജയമാക്കി തീർക്കാൻ സഹായിച്ച ബഹു. മേഖല ഡയറക്ടർമാരോടും, യൂണിറ്റ് ഡയറക്ടർമാരോടും, സന്യസ്തരോടും, അല്മായ സഹോദരങ്ങളോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**Kisan Line Training Programme**

താമരശേരി രൂപതയുടെ പുതിയ സംരംഭമായ INSTITUTE OF FOOD AND AGRICULURAL ETHICS - IFAE നേതൃത്വം നൽകുന്ന കിസാൻ ലൈൻ എന്ന കർഷക ഹെൽപ് ലൈൻ പദ്ധതിയിലേക്ക് വോളന്റിയർ ആയി കത്തോലിക്ക കോൺഗ്രസിലെ 30 പ്രവർത്തകർ പരിശീലനം നേടി.

**കർഷക കടാശ്വാസ കമ്മീഷൻ സഹായം**

ഇതിനോടകം തന്നെ രൂപതയിലെ ഇരുപതിൽ അധികം ആളുകൾക്ക് കത്തോലിക്ക കോൺഗ്രസ് ഹെൽപ് ഡെസ്ക് വഴി കർഷക കടാശ്വാസം ലഭിച്ചു. കടാശ്വാസ കമ്മീഷന് അപേക്ഷ സമർപ്പിക്കാൻ തുടർന്നും സന്നദ്ധത പ്രകടിപ്പിച്ചവർക്ക് ഡിസംബർ 21 ന് രൂപത കേന്ദ്ര ഓഫീസിൽ വച്ച് ആവശ്യമായ സഹായങ്ങൾ നൽകി.

**പ്രവർത്തന ഫണ്ട് സമാഹരണവും മെമ്പർഷിപ്പ് ക്യാമ്പയിനും**

സമുദായ സംഘടന എന്ന നിലയിൽ സമുദായത്തിന് കരുത്ത് പകരുന്ന നിരവധി പ്രവർത്തനങ്ങൾ കത്തോലിക്ക കോൺഗ്രസ് സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. സംഘടനയുടെ സുഗമമായ ചലനത്തിന് പ്രവർത്തന ഫണ്ട് ആവശ്യമാണ്. അതിനാൽ നവംബർ മുതൽ ജനുവരി വരെ പ്രവർത്തന ഫണ്ട് സമാഹരണത്തിനായി പ്രത്യേകം മാറ്റി വച്ചിരിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും കുറഞ്ഞത് 50 പേർ പങ്കെടുക്കുന്ന മെമ്പർഷിപ്പ് കാമ്പയിൻ ഊർജ്ജസ്വലമായി മുന്നോട്ടുപോകുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് ഡിസംബർ 2 ന് ഏകദിന വിൻസെൻഷ്യൽ ധ്യാനം സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി സഹായ മെത്രാൻ മാർ തോമസ് തറയിൽ ക്ലാസുകൾ നയിച്ചു. സിസ്റ്റർ എൽ സിസ് മാത്യു എം.എസ്.എം.ഐ വിൻസെൻഷ്യൻ പ്രവർത്തന ത്തെക്കുറിച്ച് ക്ലാസ് എടുത്തു. രാവിലെ 9.30 ന് ആത്മീയ ഉപദേഷ്ടാവ് ബഹുമാനപ്പെട്ട തോമസ് നാഗപറമ്പിൽ അച്ചൻ അർപ്പിച്ച വിശുദ്ധ കു ർബാനയോട് കൂടിയാണ് ധ്യാനം ആരംഭിച്ചത്

സി.സി പ്രസിഡണ്ട് ബ്രദർ തോമസ് പുലിക്കോട്ടിൽ പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു. സി.സി വൈസ് പ്രസിഡണ്ടു മാരായ ബ്രദർ സിറിയക് മാത്യുവും ബ്രദർ ഐസക് പാറക്കുളങ്ങര യും ചടങ്ങിന് നന്ദി പറഞ്ഞു. സിസ്റ്റർ സിനി ഷാജി ഉപസംഹാര പ്രാർ ത്ഥനയ്ക്ക് നേതൃത്വം നൽകി.

മൈലെള്ളാംപാറ സെന്റ് തോമസ് കോൺഫറൻസിന്റെ നേ തൃത്വത്തിൽ നവംബർ 18 ശനിയാഴ്ച വയോജന കൂട്ടായ്മ നടത്തി. കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ബിനു കുളത്തിങ്കൽ ദിവ്യ ബലി അർപ്പിച്ച് സന്ദേശം നൽകി. മുൻ വികാരിമാരും എ.സി ഭാരവാ ഹികളും അടക്കം 150 ഓളം പേർ യോഗത്തിൽ പങ്കെടുത്തു.

മരുതോങ്കര എ.സി സുവർണ്ണ ജൂബിലിയുടെ നിറവിലാണ് ജൂബിലി വാർഷിക സെമിനാർ നവംബർ 18 ന് ചാപ്പൻതോട്ടത്തിൽ വച്ച് നടത്തി. ഒമ്പതുമണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ചു. 9.30 ക്ക് ബ്രദർ ജോസ് ചെറുകര, ജോർജ് മണിമല എന്നിവരുടെ നേതൃത്വ ത്തിൽ ജപമാല പ്രാർത്ഥന നടത്തി. ബ്രദർ ജിസ്സ് കാരക്കാട് ജ്ഞാ ന വായന നടത്തി. മരുതോങ്കരക്കാരുടെ പ്രിയപ്പെട്ട ബഹു. മാത്യു തകിടിലച്ചന്റെ അകാലനിര്യാണത്തിൽ അനുശോചനം നടത്തി. നിത്യതയിലേക്ക് വിളിക്കപ്പെട്ട പൂഴിത്തോട് കോൺഫറൻസ് വൈസ് പ്രസിഡണ്ട് എൽസി കുന്നത്തേലിനെയും അനുസ്മരിച്ചു. സെമി നാറിന് സ്വാഗതം ആശംസിച്ചുകൊണ്ട് സി.സി വൈസ് പ്രസിഡന്റ്

ബ്രദർ ജോസ് തകടിയേൽ സംസാരിച്ചു. ചാപ്പൻതോട്ടം വികാരി ഫാ. മാത്യു പെരിവേലിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കെ. ആർ. സി.സി ഫോർമേഷൻ ട്രെയിനിങ് ഓഫീസർ ബ്രദർ ജോസഫ് ചുള്ളിക്കാട് ക്ലാസ് നയിച്ചു. എ.സി ആത്മീയ ഉപദേഷ്ടാവ് ഫാ. ജോർജ് കളത്തൂർ സമാപന സന്ദേശം നൽകി. എ.സി പ്രസിഡണ്ട് ബ്രദർ തോമസ് പുതുക്കുളങ്ങര അറിയിപ്പുകൾ നൽകി. ചാപ്പൻതോട്ടം കോൺഫ്രൻസ് പ്രസിഡണ്ട് ബ്രദർ റോയി പുല്ലാട്ട് നന്ദി പറഞ്ഞു. 93 അംഗ ങ്ങൾ സെമിനാറിൽ പങ്കെടുത്തു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
ഇഇ പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

---

# കരിസ്മാറ്റിക് മൂവ്മെന്റ്

കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങളുടെ സുവർണജൂബിലിക്ക് ഒരുക്കമായിട്ടുള്ള സഹസ്രദിന ഉപവാസപ്രാർഥന നവംബർ 20ന് പി.എം.ഒ.സി യിൽ നടന്നു. കെ.സി.എസ്.സി യുടെ സോണൽ സന്ദർശനവും ഈ ദിവസത്തെ കൂടുതൽ അനുഗ്രഹപ്രദമാക്കി. കെ.സി.എസ്.സി കോ-ഓർഡിനേറ്റർ ബഹു. ജോസഫ് താമരവെളിയച്ചനും വൈസ് കോ-ഓർഡിനേറ്റർ ബ്ര. സന്തോഷ് തലച്ചിറയുമാണ് വചനപ്രഘോഷണത്തിലൂടെയും ചർച്ചകളിലൂടെയും വിശുദ്ധ കുർബാന, ആരാധന എന്നിവയിലൂടെയും പ്രോഗ്രാം നയിച്ചത്. ബഹു. തോമസ് പാറൻകുളങ്ങര അച്ചന്റെ സമാപന സന്ദേശത്തിനുശേഷം സോണൽ കോ-ഓർഡിനേറ്റർ സാജൻ അറക്കപ്പറമ്പിലിന്റെ നന്ദിപ്രകാശിപ്പിച്ചു.

**സബ്സോൺ വാർത്തകൾ**

സബ്സോണുകളിൽ നടത്താൻ തീരുമാനമെടുത്തിരുന്ന ഏകദിന കൺവെൻഷനുകളുടെ തുടക്കം മലപ്പുറം സബ്സോണിലെ മഞ്ചേരിയിൽ ഡിസംബർ 9 ന് നടന്നു. 14-ാം തീയതി ചമൽ സെന്റ് ജോർജ് ദേവാലയത്തിലും 15-ാം തീയതി കോഴിക്കോട് സിറ്റിയിൽ ചേവായൂർ നിത്യസഹായമാത ദേവാലയത്തിൽ വച്ചും തിരുവമ്പാടി സബ്സോണിൽ തിരുവമ്പാടി ഫൊറോന ദേവാലയത്തിൽ വച്ചും

19–ാം തീയതി കോടഞ്ചേരി സബ്സോൺ കൂട്ടായ്മ കോടഞ്ചേരി ഫൊറോന ദൈവാലയത്തിൽ വച്ചും നടത്തി.

എല്ലാ സബ്സോണുകളിലും മുൻ കെ.സി.എസ്.സി വൈസ് ചെയർമാൻ വി.വി അഗസ്റ്റിനാണ് ക്ലാസുകൾ നയിച്ചത്. ഓരോ ഇട വകയിലും വികാരി അച്ചന്മാരുടെയും സബ്സോൺ ആനിമേറ്റർമാരു ടെയും ആനിമേറ്റർ സിസ്റ്റർമാരുടെയും സജീവ സഹകരണവും സാന്നിധ്യവും കൺവെൻഷനുകൾ അനുഗ്രഹപ്രദമാകാൻ കാരണമാ യി. തളർന്നുപോയ പ്രാർഥനഗ്രൂപ്പുകൾ ശക്തിപ്രാപിക്കാനും ഗ്രൂപ്പു കൾ ഇല്ലാത്ത ഇടവകകളിൽ പ്രാർഥനാ ഗ്രൂപ്പ് തുടങ്ങാനും കൂട്ടായ്മ ഉപകരിച്ചു. സോണൽ ആനിമേറ്റർ ബഹു. തോമസ് പാറൻകുളങ്ങര അച്ചനും സോണൽ കോ–ഓർഡിനേറ്ററും സർവ്വീസ് ടീം അംഗങ്ങ ളും സബ് നേതൃത്വത്തിന്റെ കൂടെ ആയിരിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഫാ. തോമസ് പാറൻകുളങ്ങര**
സോണൽ ആനിമേറ്റർ

---

## ബഥാനിയ ധ്യാനകേന്ദ്രം

*"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ 2,24).*

ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷ ത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു (ലൂക്ക 2,10–11) ക്രൈസ്തവ ലോകം മുഴുവൻ രക്ഷകനായ ക്രിസ്തുവിനെ സ്വീകരിക്കാൻ ഒരുങ്ങുന്ന ഈ നാളുക ളിൽ ബഥാനിയ വിവിധ ശുശ്രൂഷകളിലൂടെ ദൈവജനത്തെ ക്രിസ്തു മസിനായി ഒരുക്കുകയായിരുന്നു.

**ധ്യാനങ്ങൾ**

ഡിസംബർ മാസത്തിലെ ജീവിത വിശുദ്ധീകരണ ധ്യാനം

15 മുതൽ 18 വരെയായിരുന്നു. ഇരുന്നൂറിൽ അധികം ആളുകൾ പങ്കെടുത്ത ഈ ധ്യാനം ക്രിസ്തുമസിനായി ഒരുങ്ങുവാൻ ഏറെ സഹായിച്ചു. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആണ് ധ്യാനം നയിച്ചത്.

**ഏകദിന കൺവെൻഷനുകൾ**

ഈ മാസം എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ക്രിസ്തുമസിന്റെ ചൈതന്യം ഉൾക്കൊണ്ട് വിശുദ്ധ കുമ്പസാരത്തിനായി ധാരാളം പേർ വെള്ളിയാഴ്ചകളിൽ പങ്കെടുത്തു.

ഒന്നാം തീയതി ആദ്യവെള്ളിയാഴ്ച ശുശ്രൂഷ നടന്ന ആവേമരിയ ഹാൾ അക്ഷരാർത്ഥത്തിൽ നിറഞ്ഞു കവിഞ്ഞു. ആരാധനയുടെ അവസാനം ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ജനമധ്യത്തിലേക്ക് ഇറങ്ങിവന്ന ഈശോയെ ആനന്ദാശ്രുക്കളോടെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന വിശ്വാസിസമൂഹത്തെയാണ് കാണാനിടയായത്.

വെള്ളിയാഴ്ചകളിൽ രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ പ്രധാനമായും വി. കുരിശിന്റെ വഴി. ജപമാല, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ്ങ്, തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു.

**നോമ്പുകാല ശുശ്രൂഷകൾ**

ഇരുപത്തഞ്ചു നോമ്പിനോടനുബന്ധിച്ച് ബഥാനിയായിൽ ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കുമായി മൂന്നു ദിവ്യബലികൾ ഉണ്ടായിരുന്നു. ആ ദിവസങ്ങളിൽ കുമ്പസാരിച്ച് വി. കുർബാനയിൽ പങ്കെടുക്കുവാൻ പങ്കെടുക്കുവാൻ ധാരാളം പേർ എത്തുകയുണ്ടായി.

**വിൻസെൻഷ്യൻ ധ്യാനം**

താമരശ്ശേരി രൂപതയിലെ വിൻസെൻഷ്യൻ സഹോദരങ്ങൾക്കായി ഒരു ഏകദിന ധ്യാനം ഡിസംബർ 2 ന് ശനിയാഴ്ച നടത്തപ്പെട്ടു. വിൻസെൻഷ്യൻ അരൂപിയിൽ നിറയുവാൻ വേണ്ടി ഒരുക്കപ്പെട്ട ഈ ധ്യാനം നയിച്ചത് ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ മാർ തോമസ് തറയിൽ പിതാവാണ്. വിൻസെന്റ് ഡി പോൾ സൊസൈ

സറ്റി അംഗങ്ങൾ അവർ ചെയ്യുന്ന പരോപകാര പ്രവൃത്തികളാൽതന്നെ യഥാർത്ഥത്തിൽ സ്വർഗ്ഗത്തിന് അവകാശികളായി തീരുകയാണെന്ന് പിതാവ് സൂചിപ്പിച്ചു. ഫാ. തോമസ് നാഗപറമ്പിൽ അർപ്പിച്ച വി. കുർബാനയോടെയാണ് ശുശ്രൂഷകൾ ആരംഭിച്ചത്.

**സ്പിരിച്വൽ ഷെയറിങ്ങ്**

ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്പിരിചൽ ഷെയറിങ്ങുണ്ടായിരുന്നു. ആരിൽ നിന്നും ഒരു ആശ്വാസവാക്ക് കേൾക്കാനില്ലാതെ വരുമ്പോൾ എവിടെ നിന്നും സഹായം കിട്ടാതെ വരുമ്പോൾ ഓടിവരുന്നവർക്ക് ആശ്വാസമാകുന്ന ഈ ശുശ്രൂഷയിലൂടെ അനേകരാണ് സന്തോഷത്തോടെ ജീവിതത്തിലേക്ക് തിരികെ പോകുന്നത്. പ്രത്യേകം പരിശീലനം ലഭിച്ച സമർപ്പിതരും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

**പതിമൂന്നുമണി ആരാധന**

ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോത്ഭ തിരുനാൾ ദിവസം 13 മണിക്കൂർ നീണ്ടുനിന്ന ആരാധന നടത്തി. രാവിലെ 7 മണി മുതൽ രാത്രി 8 മണി വരെ നീണ്ടുനിന്ന ഈ ആരാധനയിൽ പരിശുദ്ധ അമ്മയുടെ സ്തുതി ഗീതങ്ങൾ ആലപിച്ചും അമ്മയുടെ സഹായം തേടി പ്രാർത്ഥിച്ചും ധാരാളം പേർ പങ്കെടുത്തു.

**മധ്യസ്ഥ പ്രാർത്ഥന**

എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥനയുണ്ട്. ബഥാനിയായിലെ ശുശ്രൂഷകൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിച്ചു. തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് പ്രാർഥനകൾ നയിച്ചത്.

**ഇടവക ധ്യാനങ്ങൾ**

ക്രിസ്തുമസ് കാലത്ത് ബഥാനിയ ടീമിന്റെ ധ്യാനങ്ങൾ മാനന്തവാടി രൂപതയിലെ പട്ടാണിക്കൂപ്പ്, മംഗളം എന്നീ ഇടവകകളിൽ നടന്നു.

**2024 ജനുവരി മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 5 ആദ്യവെള്ളി | – | ഏകദിന കൺവെൻഷൻ |
| 12 വെള്ളി | – | ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (12–15) |
| 19 വെള്ളി | – | ഏകദിന കൺവെൻഷൻ |

26 വെള്ളി – ഏകദിന കൺവെൻഷൻ

**ജനുവരിമാസത്തിലെ ഇടവക ധ്യാനം**

26 മുതൽ 29 വരെ മാവൂർ ഇടവക

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

---

# വികസനവേദി

**ജീവിത ശൈലീരോഗനിർണ്ണയ ക്യാമ്പ്**

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ഗ്രാമ വികസന സമിതി ഓഫീസിൽ വച്ച് സെമിനാർ നടത്തി. വെറ്റിലപ്പാറ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാർ ക്യാമ്പ് നടത്തി. സി.ഒ. ഡി. ഏരിയ കോ–ഓർഡിനേറ്റർ പരിപാടിക്ക് നേതൃത്വം നല്കി. പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ലോക പ്രമേഹ രോഗദിനാചരണതോടനുബന്ധിച്ചു കല്ലടിക്കുന്ന്, കരികുളം, കക്കാട് എന്നീ സ്ഥലങ്ങളിൽ വച്ച് ജീവിത ശൈലീരോഗനിർണ്ണയ ക്യാമ്പും ബോധവൽക്കരണ ക്ലാസും നടത്തപ്പെട്ടു. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാർ, ആശാവർക്കർമാർ എന്നിവർ പരിശോധന നടത്തി. 86 പേർ പരിശോധനക്കെത്തി. സി.ഒ.ഡി. ഏരിയ കോ–ഓർഡിനേറ്ററും ഗ്രാമവികസന സമിതി അംഗങ്ങളും ഇതിന് നേതൃത്വം നല്കി.

**പച്ച മരുന്ന് നിർമ്മാണം**

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ഉലുവ ലേഹ്യം നിർമ്മാണപരിശീലനം സംഘടിപ്പിച്ചു. 15 പേർ പങ്കെടുത്തു. കൂരാച്ചുണ്ട് ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിലുള്ള കാറ്റുള്ള മല പൗർണ്ണമി സംഘം അംഗങ്ങൾ താലീസ് പത്രാധിചൂർണ്ണം നിർമ്മിച്ചു. മരുന്ന് ഉണ്ടാക്കുവാൻ അവർ പഠിക്കുകയും പരിചയപ്പെടുകയും ചെയ്തു.

### ശിശുദിനാഘോഷം

തിരുവമ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ആനക്കാംപൊയിൽ സെന്റ് മേരീസ് നഴ്സറിയിൽ ശിശുദിനാഘോഷ പരിപാടി സംഘടിപ്പിച്ചു. സി.ഒ.ഡി. ഏരിയ കോ–ഓർഡിനേറ്ററും ഗ്രാമവികസന സമിതി അംഗങ്ങളും ഇതിന് നേതൃത്വം നല്കി.

### പുതിയ സംരംഭം

പുതുപ്പാടി ഗ്രാമവികസന സമിതിയിലെ കുപ്പായക്കോട് സ്രോതസ്സ് സ്വയം സഹായ സംഘം ഫ്ലോർമിൽ ഉൽഘാടനം ചെയ്തു. ജില്ല മിഷൻ സഹായത്തോടെ ആരംഭിച്ച യൂണിറ്റിൽ വിവിധ ഇനം കറി പൗഡറുകൾ നിർമ്മിച്ചു നൽകുന്നു. പരിപാടിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. സി.ഒ.ഡി. ഏരിയ കോ–ഓർഡിനേറ്ററും ഗ്രാമവികസന സമിതി അംഗങ്ങളും പങ്കെടുത്തു.

### നേത്ര പരിശോധന ക്യാമ്പ്

പുതുപ്പാടി ഗ്രാമവികസന സമിതിയിലെ തണൽ സ്വയം സഹായ സംഘവും, അടിവാരം ചുരം സംരക്ഷണ സമിതിയും കോഴിക്കോട് കോംട്രസ്സ്റ് കണ്ണാശുപത്രിയും സംയുക്തമായി നേത്ര പരിശോധന ക്യാമ്പ് നടത്തി. 70 പേർക്ക് കണ്ണട സൗജന്യ നിരക്കിലും 68 പേർക്ക് വിദഗ്ധ ചികിത്സക്കായി ഹോസ്പിറ്റലിലേക്കും റഫർ ചെയ്തു. ആകെ 228 പേർ പങ്കെടുത്തു.

### വിനോദയാത്ര

കാറ്റുള്ളമല ദർശന മഹിളാ സമാജ അംഗങ്ങൾ കക്കയം, ഒരക്കുഴി, ഡാംസൈറ്റ്, കാരിയാത്തുംപാറ, തോണിക്കടവ്, പാറക്കടവ് പ്രദേശങ്ങളിൽ ഉല്ലാസയാത്ര നടത്തി. സി.ഒ.ഡി. ഏരിയ കോ– ഓർഡിനേറ്റർ ഇതിന് നേതൃത്വം നല്കി.

### സ്ഥാപക ദിനാചരണം

താമരശ്ശേരി മേരി മാത കത്തീഡ്രൽ പാരീഷ് ഹാളിൽ സി.ഒ.ഡിയുടെ 35–ാമത് വാർഷികാഘോഷം ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. സ്നേഹസ്പൃണവും ത്യാഗോജ്ജ്വലവുമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ 35 വർഷക്കാലമായി സി.ഒ.ഡി നടത്തി വരുന്നതെന്ന് പിതാവ് അഭിപ്രായപ്പെട്ടു. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ജെയ്സൺ കാരക്കുന്നേൽ, പ്രോഗ്രാം കോ–ഓർഡിനേ

റ്റർ ജോയ് കാലായിൽ, പുതുപ്പാടി ഗ്രാമ വികസന സമിതി സെക്രട്ടറി ഡെയ്സി ജോയ്, ഏരിയ കോ–ഓർഡിനേറ്റർ ഷൈനി സിബി എന്നിവർ പ്രസംഗിച്ചു. സ്റ്റാർട്ടപ്പ് മെൻറ്റർ അസി.പ്രൊഫസർ സി.എ. ശിവപ്രസാദ് നേതൃത്വ പരിശീലന ക്ലാസ് എടുത്തു. തുടർന്ന് സ്വയം സഹായസംഘം അംഗങ്ങൾ  കലാപരിപാടികൾ അവതരിപ്പിച്ചു.

കാരിയാത്തുംപാറ ബാബു മീന മകൻ ആൽബിൻ ബാബു ജന്മനാ മൾട്ടിപ്പിൾ ഡിസേബിൾ  ഉള്ള വ്യക്തിയാണ്. സ്ഥാപക ദിനാചരണ ഭാഗമായി ഈ മകന്റെ വീട്ടിൽ  പോകുകയും സംഭാവന നല്കുകയും ചെയ്തു. കാരിയാത്തുംപാറ MCC ഭാരവാഹികളും, സി.ഒ.ഡി. ഏരിയ കോ–ഓർഡിനേറ്ററും ഇതിന് നേതൃത്വം നല്കി.

പുതുപ്പാടി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ സി.ഒ.ഡി. സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി പുല്ലാഞ്ഞിമേടുള്ള യേശുഭവൻ സന്ദർശിച്ചു സംഭാവന നല്കി. അവിടെയുള്ള അന്തേവാസികളുമായി സഹകരിച്ചു സ്നേഹം പങ്കുവെച്ചു. GVS ഭാരവാഹികളും COD ഏരിയ കോ–ഓർഡിനേറ്ററും നേതൃത്വം നല്കി.

**ടൈലറിങ് മെഷീൻ വിതരണം ചെയ്തു**

സി.ഒ.ഡി താമരശ്ശേരിയുടെ ആഭിമുഖ്യത്തിൽ എൻ.ജി.ഒ കോൺഫെഡറേഷന്റെ സഹായത്തോടെ 50% സബ്സിഡിയോട്കൂടി സാമൂഹിക സംരംഭകത്വ വികസന പരിപാടിയായി മരുതോങ്കരയിൽ വച്ച് ടൈലറിങ് മെഷീൻ വിതരണം ചെയ്തു. മരുതോങ്കര ഫൊറോന വികാരി ഫാ. ജോർജ് കളത്തൂർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് വാർഡ് മെമ്പർ തോമസ് കാഞ്ഞിരത്തിങ്കൽ ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി പ്രോഗ്രാം കോ–ഓർഡിനേറ്റർ ജോയ് കെസി, സിദ്ധാർഥ് എസ് നാഥ്, ഏരിയ കോ–ഓർഡിനേറ്റർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2023 നവംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Karimbu | 10,000.00 |
| 2 | Koorachundu | 10,000.00 |
| 3 | Kuppayakode | 12,000.00 |
| 4 | Mariapuram | 12,000.00 |
| 5 | Pushpagiri | 10,000.00 |
| 6 | Valook | 12,000.00 |

**Home**

| | | |
|---|---|---|
| 7 | Abhayagiri | 10,000.00 |
| 8 | Kalikavu | 10,000.00 |
| 9 | Kannoth | 10,000.00 |
| 10 | Kariyathumpara | 10,000.00 |
| 11 | Koomamkulam | 10,000.00 |
| 12 | Koorachundu | 8,000.00 |
| 13 | Maramchatty | 10,000.00 |
| 14 | Mariapuram | 10,000.00 |
| 15 | Puthuppady | 20,000.00 |
| 16 | Vilangad | 7,000.00 |

**Marriage**

| | | |
|---|---|---|
| 17 | Thamarassery | 20,000.00 |

**Medical**

| | | |
|---|---|---|
| 18 | Anackampoil | 8,000.00 |
| 19 | Ashokapuram | 8,000.00 |
| 20 | Chamal | 7,000.00 |
| 21 | Chappanthottam | 8,000.00 |
| 22 | Chappanthottam | 5,000.00 |
| 23 | Chappanthottam | 8,000.00 |
| 24 | Chippilithode | 8,000.00 |
| 25 | Karikandanpara | 8,000.00 |
| 26 | Karimbu | 8,000.00 |
| 27 | Kariyathumpara | 10,000.00 |
| 28 | Karuvarakundu | 7,000.00 |
| 29 | Kattullamala | 7,000.00 |
| 30 | Koodaranji | 8,000.00 |
| 31 | Kunnamangalam | 8,000.00 |
| 32 | Mariapuram | 8,000.00 |
| 33 | Muthukad | 7,000.00 |
| 34 | Paropady | 7,000.00 |
| 35 | Passukadave | 8,000.00 |
| 36 | Perinthalmanna | 8,000.00 |
| 37 | Peruvannamuzhi | 7,000.00 |
| 38 | Puthuppady | 10,000.00 |
| 39 | Thottumukkam | 10,000.00 |
| 40 | Vettilappara | 8,000.00 |
| | **Total** | **372,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**നവംബർ 2023**

28 ഉച്ചകഴിഞ്ഞ്, കൂടരഞ്ഞി ഇടവകയിൽ, പരേതയായ കർമ്മലീത്ത സന്യാസ സമൂഹാംഗം സി. സിസിലി ജോസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

വൈകുന്നേരം, മുക്കം ഇടവകയിൽ, താമരശ്ശേരി രൂപത വൈദികൻ ബഹു. റോണി പോൾ കാവിൽ അച്ചന്റെ പരേതയായ മാതാവ് മേരിക്കുട്ടി പൗലോസ് കാവിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

30 ഉച്ചയ്ക്ക്, കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ മാർ ജോസ് പുളിക്കൽ പിതാവിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

**ഡിസംബർ 2023**

01 രാവിലെ, തലശ്ശേരി രൂപതാഭവനിൽ വെച്ച് കൂടിയ മലബാർ റീജിയൻ കൂരിയ അംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, കട്ടിപ്പാറ ഇടവകയിൽ, പരേതനായ മുൻ കൃഷി വകുപ്പ് മന്ത്രി സിറിയക് ജോണിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

സാന്തോം ഫുട്ബോൾ അക്കാഡമിയുടെ നേതൃത്വത്തിൽ, കൂരാച്ചുണ്ടിൽ നടന്ന അഖിലേന്ത്യ സെവൻസ് ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു.

കെ.സി.ബി.സി ജാഗ്രതാ സമിതി ഓൺലൈനായി വിളിച്ചുചേർത്ത മീറ്റിങ്ങിൽ സംബന്ധിച്ചു.

02 രാവിലെ, പടിഞ്ഞാറത്തറ, മംഗളം നല്ലിടയൻ ദൈവാലയത്തിൽ പരേതനായ കുര്യൻ മുകളേലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി രൂപതാഭവനിൽ വെച്ച് നടന്ന ഇൻഫാമിന്റെ കേന്ദ്ര കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാട് ഇടവകയിൽ, പരേതയായ കർമ്മലീത്ത സന്യാസിനീ സഭാംഗം സി. ജാക്വിലിൻ മേരിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, ദിവ്യകാരുണ്യ കൺവെൻഷനോടനുബന്ധിച്ച് മേരിക്കുന്ന് ഹോളി റെഡീമർ ദൈവാലയ അങ്കണത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03 കരിമ്പ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

04–06 പാലാരിവട്ടം പി.ഒ.സി. യിൽ വെച്ച് നടന്ന കെ.സി.ബി.സി. യിൽ പങ്കെടുത്തു.

06 വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിന്റെ ജനറാൾ സി. ലിസേത്ത എസ്.എഫ്.എൻ. ന്റെ നാമഹേതുക തിരുന്നാളാഘോഷങ്ങളിൽ പങ്കെടുത്തു.

അഗസ്ത്യാമൂഴി സെന്റ് ജോസഫ്സ് ആശുപത്രിയിൽ രോഗബാധിതനായി കഴിയുന്ന ബഹു. മോൺ. ആന്റണി കൊഴുവനാലച്ചന് രോഗീലേപനം നൽകുകയും തുടർന്ന് മരണസമയത്ത് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും മരണശേഷം ഒപ്പീസ് ചൊല്ലുകയും ചെയ്തു.

07 രാവിലെ, കത്തീഡ്രൽ ദൈവാലയത്തിൽ പുളിക്കേക്കര മാത്യുവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, വിലങ്ങാട് ഇടവകയിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർസെൽ പ്രോഗ്രാമിൽ, വിലങ്ങാട് റീജിയനിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

08 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ, പരേതനായ താമരശ്ശേരി രൂപതാ വൈദികൻ മോൺ. ആന്റണി കൊഴുവനാലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ വലിയമറ്റം പിതാവിനോടൊപ്പം നേതൃത്വം നൽകി.

വൈകുന്നേരം, പരി. കന്യാകാമറിയത്തിന്റെ അമലോത്ഭവ തിരുന്നാളിനോടനുബന്ധിച്ച് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച പരി. അമ്മയുടെ നാമത്തിലുള്ള ഗ്രോട്ടോ വെഞ്ചരിക്കുകയും ഇടവക ദിനാഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

09 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

താമരശ്ശേരി രൂപത പ്രോ–ലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ എം.എം.പി.സി.യിൽ നടന്ന സാറ കപ്പിൾസ് ഫോറം – മക്കളില്ലാത്ത ദമ്പതികളുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

ദേവഗിരി സി.എം.ഐ. പബ്ലിക് സ്കൂളിൽ നടന്ന കോൺഫറൻസ് ഓഫ് റിലീജിയസ് ഇന്ത്യയുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു.

അശോകപുരം ഇടവകയിൽ തട്ടിൽ ചേറ്റുപുഴക്കാരൻ ജോയിയുടെ 41–ാം ചരമദിനത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപത മീഡിയ കമ്മ്യൂണിക്കേഷനും ചെറുപുഷ്പ മിഷൻലീഗും സംയുക്തമായി പി.എം.ഒ.സി.യിൽ വെച്ച് നടത്തിയ കരോൾ ഗാനമത്സരത്തിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്യുകയും ക്രിസ്തുമസ് കേക്ക് മുറിക്കുകയും ചെയ്തു.

പി.എം.ഒ.സി.യിൽ വെച്ച് നടക്കുന്ന പ്രീ–കാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

തിരുവമ്പാടി ഇടവകയിൽ, മരിയൻ പ്രോലൈഫിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകിയ ഒരു ഭവനം വെഞ്ചരിച്ചു.

ആനക്കാംപൊയിൽ ഇടവകയിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർസെൽ പ്രോഗ്രാമിൽ, തിരുവമ്പാടി ഫൊറോനയിൽ നിന്നും സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

10 വെണ്ടേക്കുംപൊയിൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, തിരുവമ്പാടി ഇടവകയിൽ, അകാലത്തിൽ മരണമടഞ്ഞ റെയാൻ ഷിന്റോ പടിഞ്ഞാറേക്കൂറ്റിന്റെ ഭവനത്തിൽ ചെന്ന് പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങൾക്ക് അനുശോചനം നേരുകയും ചെയ്തു.

11 രാവിലെ, വയനാട് വാകേരിയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രജീഷിന്റെ മരണത്തിൽ ഭവനത്തിൽ ചെന്ന് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം കുടുംബാംഗങ്ങൾക്ക് അനുശോചനം നേർന്നു.

വൈകുന്നേരം, ഇരിട്ടിയിൽ എ.കെ.സി.സി. ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തുന്ന അതിജീവന യാത്രയുടെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

12 വൈകുന്നേരം, അഗസ്ത്യാമൂഴി സെന്റ് ജോസഫ്സ് ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്ന ബഹു. ജോസഫ് കാപ്പിലച്ചനെയും ബഹു. സെബാസ്റ്റ്യൻ പുരയിടത്തിലച്ചന്റെ പിതാവിനെയും സന്ദർശിച്ചു.

13 രാവിലെ, രൂപതാ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

രൂപതാഭവനിൽ നടന്ന വെൽഫെയർ സൊസൈറ്റി ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

പുതുപ്പാടി ഇടവകയിൽ, താമരശ്ശേരി രൂപത വൈദികനായ ബഹു. ജോസഫ് കൂനാനിക്കൽ അച്ചന്റെ ജ്യേഷ്ഠ സഹോദരൻ പരേതനായ ജോർജ്ജ് തോമസ് കൂനാനിക്കലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

കോടഞ്ചേരി ഇടവകയിൽ പരേതനായ പി.എം. ചാണ്ടി പനച്ചിക്കലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

കോടഞ്ചേരി ഇടവകയിൽ, നസ്രത്ത് സന്യാസിനി സമൂഹത്തിന്റ ജനറാൾ സി. ജെസീന്തയുടെ പരേതയായ മാതാവ് വടക്കേൽ അന്നമ്മ ദേവസ്യയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 രാവിലെ, കോടഞ്ചേരി ഒ.സി.ഡി. സിസ്റ്റേഴ്സിന്റെ സന്യാസ ഭവന കപ്പേളയിൽ, ഒരു അർത്ഥിനിയുടെ പ്രഥമ വ്രതവാഗ്ദാന സ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

എ.കെ.സി.സി. ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്ത

പുരം വരെ നടത്തുന്ന അതിജീവന യാത്രയ്ക്ക് തിരുവമ്പാടിയിൽ നൽകിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക്, കോഴിക്കോട് സ്റ്റാർട്ട് സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ്, മേരിക്കുന്ന് ഗുഡ് ഷെപ്പേർഡ് വൈദിക മന്ദിരത്തിൽ ശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമത്തിലായിരിക്കുന്ന ജോസഫ് മുകളേപ്പറമ്പിൽ അച്ചനെ സന്ദർശിച്ചു.

മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിൽ ചികിത്സയിലായിരിക്കുന്ന ബഹു. ജോർജ്ജ് ആശാരിപ്പറമ്പിൽ അച്ചനെ സന്ദർശിച്ചു.

15 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ സന്യാസ ഭവനകപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും അർത്ഥിനികൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മലപ്പുറത്ത് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളുടെ മകന്റെ വിവാഹത്തോടനുബന്ധിച്ച് ഭവനം സന്ദർശിച്ച് ആശംസകൾ നേർന്നു.

ഊരകം, സെന്റ് അൽഫോൻസ സ്കൂൾ സന്ദർശിച്ചു.

വൈകുന്നേരം, കോരങ്ങാട് അൽഫോൻസ സ്കൂളിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

16 രാവിലെ, രൂപതാ ഭവനിൽ നടന്ന വെൽഫെയർ സൊസൈറ്റിയുടെ ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

എം.എം.പി.സി.യിൽ, മാതൃവേദി താമരശ്ശേരി മേഖലയുടെ പ്രതിനിധി സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്യുകയും ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന എഫ്.എസ്.റ്റി. അംഗങ്ങൾക്കുവേണ്ടി ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ്, പെരിന്തൽമണ്ണ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

17 പെരിന്തൽമണ്ണ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

18 രാവിലെ, രൂപതാഭവൻ ഓഡിറ്റോറിയത്തിൽ നടന്ന കോർപ്പറേറ്റ്

എഡ്യുക്കേഷണൽ ഏജൻസിക്ക് കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്യുകയും സംഗമത്തിൽ സംബന്ധിച്ചവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ചിപ്പിലിത്തോട് – മരുതിലാവ് – തളിപ്പുഴ നിർദ്ദിഷ്ട ബൈപ്പാസ് ജനകീയ സന്ദർശന കമ്മറ്റിയുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

വൈകുന്നേരം, പുതുപ്പാടി ഇടവകയിൽ പരേതനായ പി.കെ. ബേബി പുളിക്കാട്ടിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 രാവിലെ, രൂപതാഭവനിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടന്ന വൈദികരുടെ പൊതു മാസധ്യാനത്തിൽ സംബന്ധിക്കുകയും ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, എം.എം.പി.സി.യിൽ നടന്ന വിശ്വാസപരിശീലനത്തിന്റെ കേന്ദ്ര കമ്മറ്റി മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കോഴിക്കോട് സ്റ്റാർട്ടിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

20 രാവിലെ, രൂപത മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

പുല്ലൂരാംപാറ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, കരികണ്ടൻപാറ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന ഡീ. ജോസഫ് വെട്ടുകല്ലേലിന്റെ ഭവനം സന്ദർശിച്ചു.

ഇൻഫാം താമരശ്ശേരി കാർഷികജില്ലയുടെ നേതൃത്വത്തിൽ കർഷകർക്കുവേണ്ടി പുതുതായി രൂപകല്പന ചെയ്ത 'സമരിയ ഓൺലൈൻ മൊബൈൽ ആപ്പ്' കൂരാച്ചുണ്ട് ഇടവകയിൽ വെച്ച് പ്രകാശനം ചെയ്തു.

വൈകുന്നേരം, രൂപത മൈനർ സെമിനാരിയിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

21 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ സീറോ മലബാർ സഭ ഹയരാർക്കി സ്ഥാപനത്തിന്റെ നൂറാം വാർഷിക ത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

രൂപതാ ഭവനിൽ നടന്ന വെൽഫെയർ സൊസൈറ്റിയുടെ ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു.

ഉച്ചയ്ക്ക്, രൂപതാഭവനിലെ അംഗങ്ങളോടൊപ്പം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, കൂമുള്ളി എം.എസ്.എം.ഐ. സെന്റ് മേരീസ് പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷങ്ങളിൽ അധ്യക്ഷ്യം വഹി ച്ചു.

22 എ.കെ.സി.സി. ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തുന്ന അതിജീവന യാത്രയുടെ സമാ പനത്തോടനുബന്ധിച്ച് തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സംബന്ധിച്ചു.

23 രാവിലെ, രൂപത മൈനർ സെമിനാരിയിൽ, താമരശ്ശേരി രൂപ തയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നടത്തുന്ന വൈദികവിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

വൈകുന്നേരം, മേരിക്കുന്ന് പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

24 രാവിലെ, മഞ്ചേരി ഇടവകയിൽ ദിവ്യബലിയർപ്പിച്ചു.

25 താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പിറവിത്തിരുന്നാളി നോടനുബന്ധിച്ച് പാതിരാ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

26 രാവിലെ, പാതിരിക്കോട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, കൂടരഞ്ഞി ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു.

വൈകുന്നേരം, കോടഞ്ചേരി ഇടവകയിൽ നവീകരിച്ച പാരീഷ്

ഹാൾ വെഞ്ചരിച്ചു.

27 രാവിലെ, കോടഞ്ചേരി ഇടവകയിൽ വെച്ച് പൗരോഹിത്യം സ്വീകരിക്കുന്ന എം.എസ്.എഫ്.എസ്. സന്യാസ സമൂഹാംഗം ഡീ. നിർമ്മൽ ബെന്നി അറയ്ക്കലിന് പൗരോഹിത്യപട്ടം നൽകി.

വൈകുന്നരം, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ ഹയർസെക്കണ്ടറി സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

28 രാവിലെ, കരികണ്ടൻപാറ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി പൗരോഹിത്യം സ്വീകരിക്കുന്ന ഡീ. ജോസഫ് വെട്ടുകല്ലേലിന് പൗരോഹിത്യപട്ടം നൽകി.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് സ്റ്റാർട്ടിൽ മിനിമാസ്റ്റർ ക്യാമ്പിൽ സംബന്ധിക്കുന്നവരെ അഭിസംബോധന ചെയ്തു.

അശോകപുരം, എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിന്റെ പുതുക്കി പണിത മഠം വെഞ്ചരിച്ചു.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-12-2023 |




വിശുദ്ധനായ സെബസ്ത്യാനോസെ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 01, January 2024, Pages 76.